D6 PALLIKKETLU VARNANAM. KESAVA PILLAI

032:1M71;13
D6

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

1M71:
~~032:1M171:13 D6~~
KESAVA PILLAI.
Pallikketlu
Varnanam.
741

032:1M71:13
D6
9774

MUL
097741

Madras University Library.

DOCTRINA·VIM·PROMOVET INSITAM

Call Number 032:1M71:13 D6.

Accession Number 97741

Available for loan from

This book should be returned on or before the date last marked below.

80

51

# പള്ളിക്കെട്ടുവൎണ്ണനം.

കെ. സി. കേശവപിള്ള.

ശ്രീ.

# പള്ളിക്കെട്ടുവൎണ്ണനം

## തുള്ളല്പാട്ടു്.

കെ. സി. കേശവപിള്ള

ഉണ്ടാക്കിയതു്.

B. V. BOOK DEPOT & PRINTING WORKS
PRINTERS, PUBLISHERS
BOOK SELLERS ETC.
TRIVANDRUM, TRICHUR.

MALAYALA MANORAMA PRESS.
KOTTAYAM.

1906.

*Copy right Registered*

വിദ്വൽകവികുലകൂടസ്ഥനായ

മഹാമഹിമശ്രീ

കേരളവർമ്മവലിയകോയിത്തമ്പുരാൻ

സി. എസ്. ഐ.

തിരുമനസ്സിലെ

## അഭിപ്രായം.

---

ശ്രീ

കെ. സി. കേശവപിള്ളയുടെ "പള്ളിക്കെട്ടുവർണ്ണനം" തുള്ളല്പാട്ടിനെ ആ സരസഗായകകവിയെക്കൊണ്ടു തന്നെ പാടിച്ച് സാവധാനമായി ഞാൻ കേട്ടു. ഇതിന്റെ സരസതയും വിഷയസർവ്വങ്കഷതയും എന്റെ പ്രതീക്ഷയെ ഉത്തരോത്തരം ബഹുധാ അതിലംഘിച്ച് എന്നെ സന്തോഷിപ്പിച്ചിരിക്കുന്നു. പ്രായേണ പകൽ മുഴുവനും വലിയകൊട്ടാരത്തിൽ നാലുകെട്ടിലെ അധ്യാപകജോലിയെ നിർവ്വിഘ്നമായി നിർവ്വഹിക്കുന്നതിനോടു കൂടി പള്ളിക്കെട്ടു കഴിഞ്ഞ് ഒരു മാസത്തിനകമായി ഈ വലുതായ അടിയന്തിരത്തിന്റെ സകല വിവരങ്ങളേയും ഇത്ര സൂക്ഷ്മമായി ഗ്രഹിക്കുന്നതിനും, അവയെ ക്രമപ്പെടുത്തി കവിതാഗുണത്തിന് അശേഷം വൈകല്യം കൂടാതെ ഇപ്രകാരം ഒരു തുള്ളല്പാട്ടിൽ ഘടിപ്പിക്കുന്നതിനും കേശവപിള്ള ചെയ്തിട്ടുള്ള മഹത്തായ പരിശ്രമം അനന്യസാധ്യവും അത്യന്തം അഭിനന്ദനീയവും ആണെന്നുള്ളതിൽ ആർക്കും തന്നെ സംശയത്തിന് അവകാശലേശം പോലും ഇല്ല. അനേക സംഗതികളേയും അവയിൽ സംബന്ധിച്ച് അനേക നാമങ്ങളേയും ഇതുപോലെ ഒരു ഗാനകൃതിയിൽ യോജിപ്പിക്കുന്നതിന് എത്രമാത്രം ശ്രമവും വശ്യവചസ്ത്വവും വേണമെന്നുള്ളത് ഇങ്ങനെ ഒന്നെഴുതാൻ തുനിയുന്ന കവികളല്ലാതെ മററാരും അറിയുമെന്നു തോന്നുന്നില്ല. പൌരാണികകഥകളെ പാട്ടാക്കുമ്പോൾ അതിശയോക്തി, ശൃംഗാരാദിരസപ്രകടനം, വിഷയഗ്രഹണം മുതലായവയിൽ കവിക്കു ധാരാളം സ്വാതന്ത്ര്യം ഉണ്ടായിരിക്കാവുന്നതാണ്. എന്നാൽ ഒരു പ്രത്യക്ഷസംഭവത്തെ പ്രതിപാദിക്കുന്ന ഏതാദൃശമായ ഒരു ഗാനത്തിൽ അപ്രകാരമുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കാൻ പാടില്ലല്ലൊ. ഇതിൽ പന്തലുകൾ മുതലായവയെ വർണ്ണിച്ചിരിക്കുന്ന ഘട്ടങ്ങൾ ചൊല്ലിക്കേട്ടപ്പോൾ അവയെ വീണ്ടും ഒ

രിക്കൽക്കൂടി പ്രത്യക്ഷമായി കണ്ടതുപോലെ ഉള്ള അനുഭവം എൻെറ മനസ്സിൽ അങ്കുരിക്കയുണ്ടായി. ഓജസ്സ്, പ്രസാദം, മാധുൎയ്യം മുതലായ ഗുണങ്ങളും നൂതനങ്ങളായ പല ഉല്ലേഖങ്ങളും ഇതിൽ വേണ്ടപോലെ കാണുന്നുണ്ട്. പള്ളിക്കെട്ടു കാണ്മാൻ ഇടയാകാത്തവൎക്ക് ഈ കൃതി പശ്ചാത്താപത്തേയും ആശാപാശത്തേയും ജനിപ്പിക്കാതിരിക്കയില്ല. ഈ തുള്ളല്പാട്ട് വഞ്ചിമഹാരാജവംശത്തിൻെറയും വിശിഷ്യ ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സിലേയും പ്രതാപദ്യോതകങ്ങളായ ഉത്തമപ്രബന്ധങ്ങളിൽ ഒന്നായും, കേശവപിള്ളയുടെ കവിതാസാമൎത്ഥ്യം, ശ്രമക്ഷമത, രാജഭക്തി ഇതുകൾക്ക് ഒരു ദൃഷ്ടാന്തമായും നിലനിന്ന് നിൎമ്മത്സരന്മാരും രാജഭക്തന്മാരും ആയ ആധുനികജനങ്ങളേയും ആഗാമിജനങ്ങളേയും സന്തോഷിപ്പിക്കുമെന്നു ഞാൻ നിസ്സംശയം അഭിപ്രായപ്പെടുന്നു.

ഇപ്പോൾ നടന്ന പള്ളിക്കെട്ടിനെ 1034-ാമാണ്ടു നടന്ന പള്ളിക്കെട്ടിനോടു താരതമ്യപ്പെടുത്തിനോക്കുന്നത് കാലവിപ്രകൎഷത്താൽ അസാധ്യപ്രായമായിത്തന്നെ ഇരിക്കുന്നു. എന്നാൽ അന്നത്തേ പള്ളിക്കെട്ടിനെ വൎണ്ണിച്ച് ഏറവുമാനൂർ അയ്യപ്പൻപിള്ള എന്നൊരു കവി ഒരു തുള്ളല്പാട്ടുണ്ടാക്കി 1036-ാമാണ്ടു നാടുനീങ്ങിയ മഹാരാജാവു തിരുമനസ്സിലേ അടുക്കലും അന്ന് ഇളമുറയായിരുന്ന ആയില്യംതിരുനാൾ തിരുമനസ്സിലേ അടുക്കലും പാടികേൾപ്പിച്ച അവസരങ്ങളിൽ ചിലപ്പോൾ ഞാനും കൂടെ ഉണ്ടായിരുന്നു. കേശവപിള്ളയുടെ ഈ "പള്ളിക്കെട്ടുവൎണ്ണനം" അതിനെ സൎവ്വപ്രകാരേണയും അതിശയിച്ചിട്ടുണ്ടെന്നു പറയുന്നതിനു് എനിക്കു നല്ല ധൈൎയ്യമുണ്ട്.

ഇനി ഒരു കാലത്തുള്ള ജനങ്ങൾക്ക് ഈ പള്ളിക്കെട്ടു നടന്ന സമയം രാജകുടുംബത്തിൻെറയും ഗവൎമ്മെൻറിൻെറയും സ്ഥിതി ഏതെല്ലാം പ്രകാരമായിരുന്നു എന്നും, ഈ കാലത്ത് ഉദ്യോഗം ഭരിച്ചിരുന്നവർ ആരെല്ലാമായിരുന്നു എന്നും, തൊഴിലാളികളായും കലാകുശലന്മാരായും ആരെല്ലാം ഉണ്ടായിരുന്നു എന്നും മററും പല സംഗതികളും അറിയുന്നതിന് ഈ തുള്ളല്പാട്ട് അത്യന്തം ഉപകരിക്കുന്നതാകയാൽ ഇതിനു ചരിത്രസംബന്ധമായും ഒരുപയോഗം കൂടി ഉണ്ടെന്നുള്ളതിനു തൎക്കമില്ല. സൎവ്വസമ്മതനായ ഈ സൽകവിയുടെ കൃതി സകല സഹൃദയന്മാരും വായിച്ചു സന്തോഷിക്കുമാറാകട്ടെ.

തിരുവനന്തപുരം }
5—12—1081 }

കേരളവൎമ്മാ.

24 JAN 13 9

ശ്രീ.

# പള്ളിക്കെട്ടുവർണ്ണനം

## തുള്ളൽപ്പാട്ട്.

പാലാഴിയിൽ നിന്നുദയംചെയ്യൊരു
നീലാളകയാം ലക്ഷ്മീഭഗവതി
നാലാനനമുഖദേവന്മാർതി-
കോലാഹലമൊടു വാഴ്ത്തീടവേ നിജ-
ലോലാപാംഗവിലാസവിലോകന-
ജാലാകൃതിയാം മാലയുമതുപോൽ
ചേലാളും മലർമാലയുമിട്ടതി-
വേലാനന്ദം വരണംചെയ്യൊരു
നാരായണനരവിന്ദദളാക്ഷൻ
ശ്രീരാമാദ്യവതാരസമേതൻ
നേരാകും വഴി കാണ്മതിനായ് മമ
പാരാതൊരു വരമരുളീടേണം.

---

ധർമ്മം കൊണ്ടും പലവക മംഗല-
കർമ്മം കൊണ്ടും പ്രജകൾക്കേറ്റം
ശർമ്മം കൊണ്ടും ഭൂമിയിൽ മുഴുവൻ
നിർമ്മലകീർത്തിവിലാസമമന്ദം
സഞ്ചിതമാക്കിസ്സുരസിജനാഭപ-
ദാഞ്ചിതഭക്തിയൊടേ വിലസീടും
വഞ്ചിക്ഷിതിപതിവംശംതന്നില്ല-
ദഞ്ചിതമംഗളമത്ര നടന്നൊരു
പള്ളിക്കെട്ടിൻഘോഷമശേഷം

ചൊല്ലിക്കൊൾവാനെളുതല്ലെങ്കിലു-
മുള്ളിൽ കൊള്ളും കുതുകത്താലറി-
വുള്ളതുപോലുരചെയ്യാമല്ലും

---

തുള്ളല്പാട്ടുരചെയ്തു ജനങ്ങടെ-
യുള്ളില്പാരം രസമരുളീടാൻ
തള്ളിപ്പായും വാസനയങ്ങനെ
തുള്ളിത്തുള്ളിയിണങ്ങി വിളങ്ങും
കുഞ്ചൻനമ്പ്യാരാകും കവിമണി-
തഞ്ചാതുരി-പോലില്ലൊരുവൎക്കും.
പഞ്ചാരശ്ശു മട്ടുപ്പേകീട്ടുമ-
തിഞ്ചാതുരിയന്യാദൃശമത്രേ.
എന്നതുമല്ലപ്പൌരാണികകഥ-
തന്നുടെ മാതിരി മാധുരിയിക്'കൃതി-
തന്നിൽ വരുത്തീട്ടുന്നതിനും തര-
മിന്നു നമുക്കു ചുരുക്കം തന്നെ.-
എന്നാലും, കൃപയോടിഹ നമ്മളെ-
യന്നം തന്നു പുലൎത്തീടുന്നൊരു
മന്നവമണിതൻവംശത്തിങ്കൽ ന-
ടന്ന വിവാഹമഹോത്സവഘോഷം
വല്ലതുമെങ്കിലുമുരചെയ്യാഞ്ഞാ-
ലില്ല മനസ്സുഖമതിനാലത്രേ
നല്ലൊരു സാഹസകൎമ്മത്തിന്നാ-
യുല്ലാസേന തുനിഞ്ഞതിവണ്ണം.
വിഷയവിശാലതമുതലായതിനാൽ
വിഷമത പലതുണ്ടിതിലതുമൂലം
വിഷയവിശേഷാനുക്ത്യധികോക്തികൾ
വിഷഹിക്കേണം കാൺകിൽ മഹാന്മാർ.
നരവരപുരിയിതിലത്ര നടന്നൊ-
രുരുതരഘോഷങ്ങളിലേതാനും
പരിചൊടു പാട്ടായിട്ടു കുറിച്ചിടു-
മൊരു വരിയോലയിതെന്നേയുള്ളു.

ശിഷ്ടന്മാരിഹ കവിതാഗുണഗണ-
പുഷ്ടി കുറഞ്ഞീടുകിലും വിഷയോൽ-
കൃഷ്ടത്യോത്തഭിനന്ദിച്ചീടും
തുഷ്ടിയൊടായതിനില്ല വികല്പം.
അട്ടകളെപ്പോൽ തങ്ങടെയരികെ
പെട്ടതിൽ വല്ലേടത്തും തെല്ലൊരു
ദുഷ്ടുണ്ടോയെന്നന്വേഷിക്കും
ദുഷ്ടപ്പരിഷകളുണ്ടൊരു കൂട്ടം.
അട്ടകളെക്കാളൊന്നോർത്താലതി-
കഷ്ടമിവക്കുള്ളൊരു ചാപല്യം.
ദുഷ്ടുള്ളേടം പിടിപെട്ടുമായവ
ശിഷ്ടം ദേശം തൊട്ടിടുകില്ലാ.
ദുഷ്ടന്മാരോ പാർത്താലെത്തും
ദൃഷ്ടില്ലാത്തൊരു ദിക്കിലുമെത്തി
ദുഷ്ടുകളനവധി സൃഷ്ടിച്ചേററം
തുഷ്ടി കലൎന്നു ഹസിച്ചു രസിക്കും.
ശിഷ്ടന്മാരതു കേട്ടാലായതി-
ലൊട്ടും ഗണ്യത കരുതുകയില്ലാ.
എട്ടു ദിഗന്തം പൊട്ടുംവിധമിടി
വെട്ടീടുമ്പോൾ നിഷ്ഠുരമായി-
ട്ടട്ടഹസിക്കും കേസരിനിരയ-
ക്കാട്ടിൽ പല പല കോണിൽ വസിക്കും
പൊട്ടക്കുറുനരിനികരം ലഹളകൾ
കൂട്ടീടുമ്പോൾ മിണ്ടുന്നുണ്ടോ?
ശിഷ്ടന്മാരിതിൽ മൌനമിവണ്ണം
തുഷ്ടി കലൎന്നു വഹിച്ചീടുമ്പോൾ.
മുട്ടിയിവക്കിഹ മറുമൊഴിയെന്ന-
ദുഷ്ടന്മാരതിലും തെളിയുന്നു.

(മട്ടുമാറി)

ഇതുവിധമിഹ പല സുജനങ്ങൾക്കും
ചതുരതയെഴും ഖലനിവഹങ്ങൾക്കും
കുതുകമകമലരിലരുളീടുവാ-

നിത്തു ബത! മതിയാകും നിനച്ചിടുമ്പോൾ.
നരനായിദ്ധരണിയിൽ ജനിച്ചെന്നാകിൽ
പരന്മാൎക്കു പരിതോഷമരുളുക താൻ
കരണീയങ്ങളിൽ വച്ചു വരമെന്റല്ലോ
പരിചെഴും ബുധജനമരുളിടുന്നു.

---

(മട്ടുമാറി)

പാലഞ്ചുംമൊഴി ലക്ഷ്മി കടാക്ഷ-
ത്താലഞ്ചിതശുഭമരുളീടുന്നതു-
മൂലഞ്ചിരതരമത്ര ജനങ്ങടെ
മാലഞ്ചിച്ചു മഹാധൎമ്മങ്ങൾ-
ക്കാലംബനമായ് ദുഷ്കൎമ്മങ്ങടെ
ജാലം നീക്കിദ്ധരണീതലമതി-
വേലം നലമൊടു പാലിച്ചരുളും
മൂലംതിരുനാൾ വഞ്ചിമഹീന്ദ്രൻ

(മട്ടുമാറി)

പേൎത്തുമിങ്ങു ജനസാൎത്ഥം ചെയ്യോരു
ചീൎത്ത പുണ്യമോ കീൎത്തിയെഴും നൽ-
ക്ഷാത്രധൎമ്മമോ മൂൎത്തി കലൎന്നെ-
ന്നോൎത്തിടുന്നതിനു പാത്രതയാളും
ഭാഗധേയനിധി സന്മതി തന്നുടെ
ഭാഗിനേയികളിലഗ്രജയായി
സേതുലക്ഷ്മിയെന്നാഖ്യയൊടഗ്ര്യ-
ശ്രീ തുളുമ്പി വിളയാടീടുന്നൊരു
റാണിയാകിയ കുമാരികതന്നുടെ
പാണിപീഡനമഹോത്സവഘോഷം
ചേണെഴുന്ന വിധമത്ര നടത്തി-
ക്കേണമെന്നു ഹൃദയത്തിലുറച്ചു
ജാതമോദഭരമഥ കോയിൽക്ഷിതി-
നാഥവംശമതിലുള്ള യുവാക്കടെ
ജാതകങ്ങളെ വരുത്തിയുടൻ പരി-
ശോധനയ്ക്കു വഴിപോലിഹ നൽകി.

ആയവററിലതിയായ പൊരുത്തം
മായമററരിയ കേരളവമ്മാ-
വായ ഭൂപനുടെ ഭഗിനീനന്ദന-
നായിട്ടും മകയിരംതിരുനാളാം
രാമവമ്മയുവനൃപതിയിലേററം
ക്ഷേമകാരണമതായ് വിലസുന്നതു
കണ്ടു ഹന്ത! മൌഹൂത്തികർ കൌതുക-
മാണ്ടുടൻ തിരുമനസ്സറിയിച്ചു.

(മട്ടുമാറി)

തന്നുടെയുള്ളിൽ വിചാരിച്ചതുപോൽ
വന്നതറിഞ്ഞു തെളിഞ്ഞു മഹാമതി
മന്നവനുടനേ നല്ല മുഹൂത്തം
ചൊന്നീടുന്നതിനാജ്ഞാപിച്ചു.
ഇക്കഥ കേട്ടു രസിച്ചു മഹാജന-
മൊക്കെയുമാനന്ദാകുലരായി.
"ചൊൽക്കൊണ്ടീടും വിദ്യകളെല്ലാ-
മുൾക്കൊണ്ടുന്നതവിരുതുകളനവധി
കൈക്കൊണ്ടുരുതരവാഗ്മാധുരിയാൽ
കൽക്കണ്ടത്തിനിളപ്പം നൽകി
ദിക്കെല്ലാടവുമുജ്ജ്വലകീത്തി പ-
രക്കെ വളത്തി വിളങ്ങും മതിമാൻ
ധീരൻ സിന്ധുഗഭീരൻ മധുരാ-
കാരൻ പാരമുദാരൻ ഗുണനിധി
കേരളവമ്മക്ഷിതിപതിതന്നുടെ
ചാരുത ചേരും ഭഗിനീതനയൻ
ശ്രീരാമാഖ്യകുമാരൻ രാജക-
മാരീവല്ലഭനായീടുന്നതു
പാരവുമുചിതം നമ്മുടെ സുകൃത-
ശ്രീ രഞ്ജിച്ചു ഫലിച്ചു നികാമം.
മംഗലമാകിയ വള്ളിക്കെട്ടും
ഭംഗികലന്നിഹ കാണാമല്ലോ."

ങ്ങനെയോൎത്തു ജനങ്ങളശേഷം
തിങ്ങിന കൌതുകമോടു വസിച്ചു.

---

ഈരണ്ടായിരമൊരെൺപതൊന്നും
ചേരും നല്ലൊരു കൊല്ലംതന്നിൽ
മേടമതാകിയ തിങ്ങളിലിരുപതി-
നോടു കലൎന്നൊരു നാലാംതിയ്യതി
ശിക്ഷയിലൎക്കമവാരേ ഹസ്തം
നക്ഷത്രവുമഥ പൂൎവ്വമതാകിയ
പക്ഷേ ചേൎന്ന ത്രയോദശിയെന്നിവ
സുക്ഷേമപ്രദമായി വിളങ്ങും
മിഥുനംരാശിയിലിന്നരപാലക-
മിഥുനംതന്നുടെ പാണിഗ്രഹണം
അതിശുഭമായി നടത്താമെന്നഥ
കഥനംചെയ്തിതു ദൈവജ്ഞന്മാർ.
ആയതുകേട്ടു നരാധിപനും പുന-
രായതമാകിയ കൌതുകമോടൊര-
പായവുമിയലാതിഹ പള്ളിക്കെ-
ട്ടായ മഹോത്സവമത്ര നടത്താൻ,
അന്നു ദിവാനായിവിടെ വസിച്ചീ-
ടുന്ന മഹാത്മാ മാധവരായ-
ക്കുന്നതമോദം കുംഭമതിരുപ-
ത്തൊന്നാംതിയ്യതി നീട്ടു കൊടുത്തു.
ഉടനേയതിനെസ്സംബന്ധിച്ചൊരു
നടവടിയഖിലം നിറവേററാനായ്
വടിവിനൊട്ടുത്തരവോരോ ദിക്കിൽ
പിടിപിടിയെന്നു പറന്നുതുടങ്ങി.
ഉദ്യോഗസ്ഥന്മാർ നിജകൃത്യസ-
മുദ്യോഗാകുലരായി വിളങ്ങി;
ഹൃദ്യത കോലും മോടികളനവധി
ഹൃദ്യാനന്ദമൊടോൎത്തുതുടങ്ങി;
കോപ്പുകൾ കൂട്ടുക പുര കെട്ടിക്കുക

24 JAN 19 9

കീഴ്പ്പതിവെല്ലാം നോക്കിയെടുക്കുക
താൽപയ്യംപൂണ്ടിങ്ങനെ പലവക
രാപ്പകലന്വേഷിച്ചുതുടങ്ങി.

(മട്ടുമാറി)

ഗുരുതരമേറും കല്പനയാൽ, മുൻ-
നടത്തിയുള്ളൊരു പള്ളിക്കെട്ടിൻ-
കണക്കു കൊണ്ടുവരുന്നതിനായ് "കുറി-
യെഴുത്തുപിള്ള"ക്കാളുമയച്ചു.

(മട്ടുമാറി)

പാടവമിയലും നരപതി കുതുക-
ത്തോടഥ തന്റെ സുഹൃത്തായീടും
മാടമഹീവലശാസനനും, പുന-
രീടേറീടും വഞ്ചിപ്പുഴയിൽ
പണ്ടാരത്തിൽ പ്രഭു മുതലായൊരു
'സംബന്ധികളാം പോററിജനങ്ങൾ'
പണ്ടേ നിയതം 'ഗ്രാമജനാ'ഹ്വയ-
മിയലും പോററിജനങ്ങളിവർക്കും,
കക്കാട്ടുള്ളൊരു പോററിയതാകും
ചൊൽക്കൊള്ളുന്ന പുരോഹിതവരനും,
ശാസ്ത്രകളിക്കാരാകും കേരള-
ഗോത്രാദേവന്മാർക്കും, പുനരപി
മാവേലിക്കരയെണ്ണക്കാട്ടും
മറിയപ്പള്ളിയുമാറൻമുളയും
പന്തളവും തിരുവല്ലാ പിന്നെ
പ്രായിക്കരയെന്നിങ്ങനെ നാനാ-
ദേശങ്ങളിൽ വാണരുളീടുന്ന മ-
ഹീശന്മാർക്കും, ബാന്ധവരാകും
കിളിമാനൂർനൃപമുഖ്യന്മാർക്കും
തെളിവൊടു പത്രികയെഴുതിയയച്ചു.
കേരളഭാഷാപോഷകനാം ശ്രീ-
കേരളവർമ്മബുധേന്ദ്രൻതന്നുടെ
പേരാളുന്നൊരു പൂർവ്വജനമലൻ

താരാർമാതിൻപതിയുടെ ഭക്തൻ
പാരാതായുർവേദാത്മകമാം
വാരാന്നിധിയെ മഥിച്ചിട്ടതിന്റെ
സാരമെടുത്തു ജനങ്ങൾക്കെല്ലാം
നേരൊടു നൽകീടുന്ന മഹാത്മാ
സാരസ്യാമൃതമൊഴുകുമലംകൃതി-
സാരമനോഹരമായിട്ടന്നൊരു
ഗീരിൻമാധുരി കൊണ്ടഖിലക്ഷ്മാ-
ദാരകുതൂഹലമേകും മതിമാൻ.

(മട്ടുമാറി)

രാജമാനമാം പപ്പുസമാഹ്വയ-
രാജവംശമണിയായി വിളങ്ങും
രാജരാജനരപാലകനും നിർ-
വ്യാജമൈത്രിയൊടു വഞ്ചിനൃപൻ നിജ-
ഭാഗിനേയിയെ വരിപ്പതിനുടനേ
ഭാഗിനേയനെക്കൊണ്ടിവിടത്തിൽ
ആഗമിച്ചിടണമെന്നു മുദാ വാദി
താഗമൻ തിരുവെഴുത്തൊടു കൂടി
കേളിയേറിടുമനന്തപുരത്തേ-
യ്ക്കാളയച്ചു നയനൈപുണശാലി.
മേളവാദ്യമുഖപാടവമുള്ളോ-
രാളുകൾക്കുമിഹ കത്തുകൾ പോയി.
കത്തു കണ്ട ജനസംഹതിയുജ്ജ്വല-
മുത്തു കൊണ്ടു വഴിപോലെയുടൻ നിജ-
ഹൃത്തു വേണ്ടവിധമായണിയിച്ചി-
ട്ടൊത്തുകൊണ്ടിവിടെ യാത്ര തുടങ്ങി.

---

കേളിയേറുമൊരു റാണികളും നവ-
കാളിദാസനും വാണരുളീടും
ശ്ലാഘ്യമായ തേവാരത്തെന്നു-
ള്ളാഖ്യയാന്ന കോയിക്കൽ പതിചൊടു
കുംഭമാസമതിലിരുപതു കൂടുമൊ-

രൊൻപതാം ദിനേ വൃഷരാശിയതിൽ
പന്തലിന്നു കാൽ നിൎത്തുകയാം ക്രിയ-
യന്തരായമില്ലാതെ നടന്നു.
അന്നുതൊട്ടു ബഹുവിസ്മയമുളവാ-
കുന്ന മട്ടു പല വേലക്കാരിഹ
വന്നു തുഷ്ടിയൊടു പന്തൽ മഹാരുചി-
വൃന്ദപുഷ്ടിയൊടു തീൎത്തുതുടങ്ങി.

---

ആഗമാംബുനിധി പട്ടുകുലേന്ദ്രനു-
മാഗമിച്ചുതിനസൌകൎയ്യത്താൽ
ഭാഗിനേയനെയുടൻ നിജസോദര-
നാകുമസ്സുകൃതി കോവിദവൎയ്യൻ
ഉണ്ണ്യനാം മകയിരംനാൾ കൊച്ചുചെ-
റുണ്ണിഭൂപനൊടു കൂടിയയച്ചു.
പുണ്യശാലി മാനേജർ മഹാൻ കു-
ഞ്ഞുണ്ണിഭൂപനും സഹജാദികളും
വൈദുഷീമഹിതരാം മണവാളസ-
ഹോദരീജനവുമത്ര തിരിച്ചു.
സാമവേദിയാം കല്പുമ്പള്ളി-
ശ്രീമഹീസുരവരൻെറ തനൂജൻ
ഉന്നതാഭയൊടു വിദ്യയിലാശ്രു വ-
ളൎന്നിടുന്ന വരനാം യുവഭൂപൻ
വന്നുചേൎന്നു മേടം പതിനേഴാ-
കുന്ന തീയ്യതിയിലത്ര സമോദം
ചിന്നിടുന്ന വിനയാതിശയത്തൊടു
പൊന്നുതമ്പുരാൻതന്നെ വണങ്ങി-
ത്തന്നിയോഗമൊടു മാളികയെന്നു പു-
കഴ്ന്നിടുന്ന നിലയത്തിൽ വസിച്ചു.
മാടഭൂമിപതിയും പ്രതിനിധിയാ-
യീടെഴുന്നൊരിടമനവിപ്രനെ വിര-
വോടയച്ചിതൊരു മണിമാലികയും
കേടകന്ന വധുവിന്നു കൊടുപ്പാൻ.

(മട്ടുമാറി)

മാവേലിക്കരെ നരപതിവംശേ
കേൾവി കലർന്നോരഗ്രജനാകും
കോവിദമൌലി മകംതിരുനാളാം
ഭൂവരനും, പുനരവികലചാതുരി
സംഗീതത്തിലെഴുന്നൊരവിട്ടം-
തിരുനാളാകിയ ഭൂപൻതാനും,
നിർമ്മലമതിയതിനിപുണനഘോദയ-
വർമ്മാ ബി ഏ നരപതിതാനും,

(മട്ടുമാറി)

രാജരാജവർമ്മാഖ്യയെഴും കവി
രാജമാനഗുണനെമ്മേ. ബി. എ-
ല്ലാമ്മഹീശനും, സുമഹിതയാം വ-
ല്യമ്മതമ്പുരാൻമുതലായവരും
ഉന്നതാമിതകുതൂഹലമോടേ
വന്നുചേൎന്നു സുഖമായിവിടത്തിൽ.
അനഘമാർകൾ വഞ്ചീശപരിമാരുടെ
ജനനിമാരരിയ വൈദുഷിയുള്ളോർ
പന്നഗർക്ഷമതിലും തിരുവാതിര-
തന്നിലും ശുഭമൊടുദയംചെയ്തോർ
ചേണിയന്ന വിഭവത്തൊടു മുൻപേ
വാണിടുന്നു നൃപധാനിയിലിവിടെ.
മഹിഷിയാളുടയ സോദരിതൻപതി
മഹിതനായ രോഹിണിതിരുനാളാം
നൃപനുമിങ്ങു നിയതം ശ്രീമൂലക-
നൃപവരാജ്ഞയാ മേവീടുന്നു.
ഇമ്പമാർന്നൊരെണ്ണയ്ക്കാട്ടുതമ്പു-
രാനു,മതിപണ്ഡിതനാം കവി
രാജരാജവർമ്മാഹ്വയനാം കു-
ഞ്ഞാരുഭൂപനും, പ്രായിക്കരയിൽ
ഭൂപരും, തഥാ മറിയപ്പള്ളിയി-
ലുദയവർമ്മനൃപനാം ബുധവരനും,

മാനമാന്ന തിരുവല്ലാനരവര-
ധാനിതന്നിലെഴമരചന്മാരും,
ഉദയവമ്മനാമത്തൊട്ട ബിരുദ
ബിരുദധാരി കുഞ്ഞപ്പൻനൃപനും,
ഇന്നദേശകുലപതിയായ് പദവിക-
ളാന്റു മൂപ്പൊടാറന്മുളതന്നിൽ
വാണിടുന്ന കോലത്തിരിയാകും
ക്ഷോണിപാലകൻമുതലായവരും,
ചന്തമുള്ള വൈദുഷ്യമിയന്നു-
ള്ളന്തളത്തു മരുവും മഹിതാത്മാ
ഗോദവമ്മനൃപനും, ബുധവരനാം
വീരകേരളമഹീപതിതാനും,
'കവനകൌമുദി'ക്കധിപതി കേരള-
വമ്മനാമസൽകവിയാം നൃപനും,

(മട്ടുമാറി)

ലക്ഷ്മീപുരമതിലമരും വിദ്യാ-
ലക്ഷ്മിയെഴുന്ന ചെറുണ്ണി ശുഭാത്മാ
വൻപിയലും കോയിൽക്ഷിതിപതിയും,
ചെമ്പ്രമഠത്തിലെഴും നരപതിയും,
ചിത്രവിലേഖനസാമത്ഥ്യത്താൽ
നിസ്തുലമാകിയ കീത്തിവിലാസം
പൃഥ്വിയിലൊക്കെ നിരക്കെ വളത്തി-
ട്ടത്യാശ്ചയ്യം ഗുണന്മാക്കും
ഉൾക്കാമ്പിങ്കലുയത്തിയമന്ദം,
ചീക്കാഗോവിൽ നടത്തിയ കാഴ്ചയി-
ലൊന്നാമത്തെസ്സമ്മാനത്തെയു-
മെന്നല്ലോരോ വിരുതുകളേയും
അവികലമാന്നൊരു ശുകമുഖപുരിയിലെ
രവിവമ്മാഹ്വയനൃപമണിതാനും,
നിപുണത ചിത്രംതന്നിൽ വഹിക്കും
നിരുപമഗുണയാം തൽസോദരിയും,
തിരുവല്ലാദ്ദേശത്തിൽ ചേന്നു-

ള്ളൊരു കോയിൽക്ഷിതിപതിവംശത്തിൽ
പൂൎവജനാകിയ നൃപനും, പള്ളം
ചെറുകോൽ മുതലാം നരപതിമാരും,
ഈ വംശങ്ങളിലുള്ളൊരു രാജ-
സ്ത്രീകളുമത്ര കുമാരന്മാരും
ആവിൎമ്മോദമണഞ്ഞിഹ സുഖമായ്
മേവി മഹാസൌധങ്ങളിലൊരുപോൽ.
പേരാളും ശ്രീവഞ്ചിമഹീശ്വരി-
മാരുടെ ജനകന്മാരായിട്ടും
സാരഗുണാംബുധി ശ്രുകമ്ലഗപുരജൻ
കേരളവൎമ്മാ ബി. ഏ. നൃപനും,
തിരുവല്ലാനൃപവംശജനാകും
കേരളവൎമ്മാനരപതിതാനും
അൻപേറും നിജനന്ദിനിമാരൊടു
മുൻപേയിവിടെ വസിച്ചരുളുന്നു.
മലയാളവുമിംഗ്ലീഷും തമിഴും
വിലയാളുന്നൊരു സംസ്കൃതവും തെ-
ല്ലലസതയെന്യേ കൈവശമാക്കി-
പ്പലപല കൃതികൾ ചമച്ചു വിശേഷാൽ
എമ്മേയെന്നുള്ളൊരു വിരുതും പുന-
രെമ്മാറേയെസ്സാകിയ വിരുതും
അമ്മലയാളവ്യാകരണത്തിൻ-
നിൎമ്മിതിയാലതി സമ്മതിയോടെ
കേരളവാസിബുധന്മാർ നൽകിയ
കേരളപാണിനിയെന്നൊരു പേരും
ഭൂരിയശസ്സോടാന്റും, കവിമണി
കേരളവൎമ്മനരേന്ദ്രൻതന്നുടെ
ഭഗിനീസുതനും ശിഷ്യനുമായും
മികവൊടു മേവീടുന്നൊരു കോയിൽ-
ക്ഷിതിപതിയും നിജസാന്നിധ്യത്താ-
ലതിരുചിയിസ്സംഘത്തിനു നൽകി.
നരപതിവംശപുരോഹിതനാകു-

ന്നൊരു കക്കാട്ടവനീസുരവരനും,
വഞ്ഞിപ്പുഴ, യിടയാണം, ഞാക്കൽ,
പിന്നെക്കവിണശ്ശേരിയിവണ്ണം
ഏററം ഖ്യാതിയെഴും സംബന്ധി-
പ്പോററിജനങ്ങളു,മഥ വിശ്രുതരാം
ശാസ്ത്രികളിക്കാരായിട്ടുമെണ്ണ-
ശ്ശേരിപ്പോററി തുടങ്ങിയ ജനവും,
ഗ്രാമജനാഹ്വയസഹിതന്മാരാം
ഭൂമിസുരന്മാർ മററുള്ളവരും,
ഗ്രാമാന്തരമതിൽ നിന്നു വരുത്തിയ
ക്ഷേമന്മാരാമധികൃതജനവും,
ഓരോ കലകളിൽ നിപുണന്മാരാം
സൂരികളും, പരിജനസഞ്ചയവും,
ദൂരസ്ഥന്മാർ പുരവാസികളും,
കാര്യസ്ഥന്മാരാകിയ വിരുത-
ന്മാരും, സാധാരണരും ബഹുപുരു-
ഷാരമിവണ്ണം വന്നു നിറഞ്ഞു.
ഭൂരികുതൂഹലമിവരെല്ലാവരു-
മോരോ മഞ്ജുളഭവനംതന്നിൽ
തുലയില്ലാത്ത സുഖാനുഭവങ്ങളൊ-
ടലസാതങ്ങനെ മേവിടട്ടേ.
നലമൊടു തീർത്തൊരു പന്തൽവിലസാ-
പ്പൊലിമ നമുക്കിനിയന്വേഷിക്കാം.

---

"ഇരുപത്തൊന്നാം തിയ്യതിയാണിതു
കരുതിക്കൊൾവിൻ കൂട്ടക്കാരേ!
മതിമതി പന്തൽവിതാനമശേഷം;
ദ്രുതമിഹ താഴെയിറങ്ങിക്കൊൾവിൻ.
ഇന്നിഹ നാലുമണിക്കെഴുനള്ളും
മന്നവനെന്നതറിഞ്ഞില്ലല്ലീ?
താഴെയിറങ്ങീലെന്നാലിപ്പോൾ
വീഴും താനതു ബോധിക്കേണം."

"വീണാലും ശരി നല്ലൊരു വാളി-
ന്നൂണായാലും ശരിയീ വേലകൾ
തീർത്തല്ലാതെയിറങ്ങുകയില്ലെ-
ന്നോർത്തീടേണം യജമാനന്മാരേ!"
"നേരം പുലരുന്നയ്യോ! മതിമതി;
'ചാരം' പലതുണ്ടിനിയു പൊളിപ്പാൻ.
ക്രൂരമ്പിലുമതിമൂർഖരയെഴും നൃപ-
ഗീരിൻഫലമറിയുന്നില്ലേ നീ?

(മട്ടുമാറി)

കളിക്കാതെ താനങ്ങോട്ടു
പൊളിക്ക മുളകളിപ്പോൾ
വെളിക്കായീടാഞ്ഞാൽ ഞാനു-
മിളക്കാതെല്ല പോലും കേൾ.
പുളക്കും കല്പന കല്ലെ-
പ്പിളക്കുമെന്നോക്ക; നിൻെറ
തിളക്കുന്ന മദമോടി-
യൊളിക്കും രണ്ടു കൊളളുമ്പോൾ.
അഴിക്ക കെട്ടുകളേതും
പിഴക്കാതെയിങ്ങൊഴിഞ്ഞ
വഴിക്കായ്ത്തടികൾ ദൂരെ-
യൊഴിക്ക; മടിച്ചു നിന്നു
മിഴിക്കാതൊരു ഞൊടിയിൽ
കഴിക്ക ജോലിക,ളാരും
പഴിക്കായ്ക്കവേണ,മേററം
മിഴിക്കാനന്ദം വരേണം."

(മട്ടുമാറി)

ഗീരിങ്ങനെ കേട്ടുതുടങ്ങി,
'ചാരങ്ങൾ' പൊളിച്ചുതുടങ്ങി,
ഭാരങ്ങളെടുത്തുതുടങ്ങി,
ഭൂരംഗമൊഴിഞ്ഞുതുടങ്ങി.
അഴകുകൾ തിങ്ങി, വഴികൾ വിളങ്ങി,

മിഴിയിണ ഭംഗിപ്പുഴകളിൽ മുങ്ങി.
പെട്ടെന്നഥ ബഹുജോലിക്കാർ
കൂട്ടത്തോടു വന്നു തിരക്കായ്
ശിഷ്ടം ജോലികളും സകലം
തുഷ്ടിയൊടേ ചെയ്തിതു വിമലം.
എന്തു വിശേഷം! പന്തലശേഷം
ഹന്ത! സുവേഷം സന്തതഘോഷം.

(മട്ടുമാറി)

പങ്കജനാഭക്ഷേത്രത്തിന്നു പ-
ടിഞ്ഞാറങ്ങനെ തെക്കുവടക്കായ്
നീണ്ടു കിടക്കും വഴിയേ കൌതുകം
പൂണ്ടു നമുക്കു ഗമിക്കാമിപ്പോൾ-
കാണാമിവിടെപ്പുരിചിൽ പലപല
കാലുകൾ നിർത്തിപ്പട്ടുകൾ ചുററി-
ട്ടവയുടെ മുകളിൽ ചേർത്തിട്ടുള്ളൊരു
നവമായുള്ള കൊടിക്കൂറകളെ.
ഇതു കണ്ടാശു വടക്കോട്ടേക്കായ്
കൊതി പൂണ്ടങ്ങു നടക്കുന്നേരം
ഇടതുവശത്തിലലങ്കാരദ്യുതി-
യിടയും വലിയൊരു വാതിലു കാണാം.
വലിയ സദിർപ്പുരതൻെറ കിഴക്കേ
വദനമിതെന്നു നിനച്ചീടേണം.
ഇതിലേയത്ര പടിഞ്ഞാറോട്ടേ-
ക്കുതികൌതുകമൊടു നോക്കീടുമ്പോൾ
മതിയിളകീടും പലപല വർണ്ണ-
ദ്യുതികൾ വിളങ്ങീടുന്നതു കാണാം.
ഇതുവഴിയുള്ളിൽ പോകാതേക-
ണ്ടിനിയുമൊരല്പം നേരേ ചെന്നാൽ
നാനാചിത്രവിലാസം ചേർന്നു വി-
താനം കൊണ്ടു ജനങ്ങൾക്കെല്ലാം
ആനന്ദത്തെ വളർത്തീടുന്നോ-
രാനക്കൊട്ടിലിനുള്ളിൽ ചെല്ലാം.

എന്നാലവിടെയകത്തു കടക്കാ-
നെന്നല്ലൊരു ഭാഗത്തിൽ സുഖമായ്
നിന്നാലോകിച്ചീടുവതിന്നും
നന്നായിട്ടു പ്രയത്നിക്കേണം.
പട്ടാളക്കാർ പോലീസ്കാരും
മുട്ടാതങ്ങനെ വാതിൽ നിരന്നു
മുട്ടാളക്കൂട്ടങ്ങളെയകമേ
വിട്ടീടാതെ വസിച്ചീടുന്നു.
ഒരു കൂട്ടത്തിനെയോടിക്കുമ്പോൾ
മറെറാരു കൂട്ടം ചെന്നു കരേറും.
അതു കണ്ടരിശം പൂണ്ടു ഭടന്മാർ
ഗദ കൊണ്ടൊന്നു വിരട്ടുംനേരം
ഒക്കെയുമകലെത്തിക്കിക്കൂടി ഞെ-
രുക്കിക്കോലാഹലമൊടു ചിതറും;
ഊക്കൊടു മുൻപിൽ പായും പിന്നെയു
മാക്കമൊടങ്ങനെ പിറകിൽ പോകും.
വലിയവർ ചിലരെത്തീടുംനേരം
കലശലൊഴിഞ്ഞിഹ വഴിയുണ്ടാകും.
ചില വിരുതന്മാരവരൊടു കൂടി-
ട്ടുലസാത്തുള്ളിൽ കൂടിക്കൊള്ളും.
കൊട്ടിൽ കഴിഞ്ഞു പടിഞ്ഞാറോട്ടു-
ക്കൊട്ടാരം വരെ നെടുനീളത്തിൽ
തൊട്ടു കിടക്കും നടപന്തലിലതി
തുഷ്ടി കലൎന്നു കടന്നാലുടനേ
ദൃഷ്ടി വടക്കു പതിച്ചാൽ കാണാം
പൃഷ്ട്യാ പുര രണ്ടാ,യവ പാൎത്താൽ
കൊട്ടാരംകാൎയ്യസ്ഥന്മാരുടെ
താൽക്കാലികജോലിസ്ഥലമത്രേ.
അയതു വിട്ടഥ ദൃഷ്ടികൾ തെക്കോ-
ട്ടായണയുമ്പോളൊരു പുര കാണാം.
ഹന്ത! വിടിന്നു വരുന്നൊരു വല്യതാം
ചെന്താമരയെയധോമുഖമായി

മോടി കലൎന്നിഹ തൂക്കിയതെന്ന-
ക്കൂടാരപ്പുര കണ്ടാൽ തോന്നും.
മോദമിയററീടുന്നൊരു ബാൻഡിൻ-
വാദനമതിനാണിതു കരുതേണം.
നടപന്തലിനു പടിഞ്ഞാററം
വടിവിൽ വടക്കോട്ടുണ്ടൊരു പന്തൽ.
അതുപോലുണ്ടിഹ തെക്കോട്ടേക്കും
ചതുരത വിളയാടുന്നൊരു പന്തൽ.
അതിനുടെ തെക്കേയററം ചെന്നാ-
ലതിരുചിയോടു കിഴക്കുപടിഞ്ഞാ-
റതിനീളത്തിൽ വിളങ്ങീടുന്നൊരു
പുതിയ സദിർപ്പുര കണ്ടു രസിക്കാം.
അതിനുടെ മദ്ധ്യേ മണ്ഡപമൊന്നു-
ണ്ടധികവിശേഷം വിലസീടുന്നു.
അതിനു പടിഞ്ഞാററം കാണാ-
മൊരു സിംഹാസനമണ്ഡപമതുലം.
അതിരു കവിഞ്ഞ കുതൂഹലമരുളും
സദിരുകളിങ്ങു നടന്നീടുമ്പോൾ
അതിരുചിയോടേ മൂലനരേന്ദ്ര-
സ്ഥിതിയിതിലെന്നു ധരിച്ചീടേണം.
ഇങ്ങനെയുള്ളൊരു പന്തലു നാലിലു-
മിങ്ങു വിളങ്ങുമലങ്കാരങ്ങടെ
ഭംഗികൾ മുഴുവൻ വൎണ്ണിപ്പതിനു പ-
രുങ്ങും ഗീഷ്പതിതാനുമനല്പം.
തൂണുകളെല്ലാം വെള്ളയടിച്ചി-
ട്ടേണാങ്കപ്രഭമാക്കിയതിന്മേൽ
കോണായ് ചുററിയ തങ്കക്കോറുകൾ
ചേണാൎന്നു വിളങ്ങീടുന്നു.
അതിനിടയിൽ പല വാൾഷെട്ടുകളു-
ണ്ടതിനിൎമ്മലമായ് ശോഭിക്കുന്നു.
അതിനുടെ മുകളിൽ പല പല വൎണ്ണ-
ദ്യുതിയൊടു വിലസും മെഴുകിൻമാലകൾ

പൃതിയൊരു പല്ലവകുസുമഗണാലം-
കൃതിയിടചേൎന്നു ലസിക്കും കോമള-
ലതികാപങ്ക്തികളെന്ന വിചാരം
മതിയിൽ സന്തതമേകീടുന്നു.
അതിനുടെ മേലപ്പുവും ഗഹ്വരവു-
മെതിരേ ചേൎന്നു വിളങ്ങും പട്ടതാ-
തതികടെ ഭംഗി നിനച്ചാൽ പഞ്ചമി-
തിഥിയതിൽ വന്നുദയം ചെയ്യുളെളാരു
മതിമണ്ഡലനിരയത്ര വരുത്തി-
ട്ടതിലഥ പല പല ചിത്രവിലാസ-
ദ്യുതികൾ കലൎത്തിച്ചേൎത്തിതു വഴിപോ-
ലിതിലെന്നാക്കും തോന്നിടുമുളളിൽ.
മതിയെന്നുളള വിചാരമിവണ്ണം
മതിയിൽ തോന്നീടുകില്ലും, കണ്ടാൽ
മതിയെന്നൊരുവനുമോൎത്തീടുന്നി-
ല്ലതിവിസ്മയമതു ചിന്തിക്കുമ്പോൾ!
ഇടയിലശേഷം ഹന്ത! വിചിത്ര-
ക്കടലാസുകളാൽ തീൎത്തിട്ടുളെളാരു
നെട്ടമാലകളും പലപല വൎണ്ണ-
സ്ഫുടകാന്തികളൊട്ട നടമാടുന്നു.
അഭ്രം കൊണ്ടു ചമച്ചൊരു ചൈനവി-
ളക്കുകൾ പല ദിശി വിളയാടുന്നു.
വിഭ്രമമിയലും വിഹഗമൃഗാവലി-
സുപ്രതിമകളുമിടയ്ക്കിട കാണാം.
തഞ്ചാവൂർമട്ടുളള വിതാനവു-
മഞ്ചിതമാകുമറക്കെട്ടുകളും
നിരുപമമായിച്ചേൎത്ത വിധങ്ങളെ-
യുരചെയ്യുന്നതസാദ്ധ്യം തന്നെ.
ചതുരത്തട്ടി കമാൻതട്ടികളും
ചരിവുത്തരനിരയുരുളുകളും പുന-
രതുലപ്രഭയെഴുമെൺകോൺചക്രവു-
മതിലെട്ടായൊരു പട്ടവുമനവധി

വളവും ക്രാസ്സും പടിയും ചിത്ര-
ത്തളവും മുണ്ടതുലാങ്ങളുമത്ഭുത-
നവരംഗത്തട്ടുകളും പലപല
നക്ഷത്രാദിപ്രതിമകൾ തിങ്ങും
മുകിൽമണ്ഡലവും ഗുണ്ടുകൾ ബഹുവിധ-
ലതയും കൊടിയും താമങ്ങളുമ-
ക്ഷമുദോത്തരവും വായനവും പുന-
രമിതം നാഗപ്പത്തികളിങ്ങനെ
ഉരുതരചിത്രപ്പണികൾ മനോഹര-
തരമായ് ചേൎന്നിട്ടിരുനിലയായും
ഒരുനിലയായും വിലസീടുന്നതു
കരുതുകിലാൎക്കും വിസ്മയമുളവാം.
പല നിറമിയലും ഗ്ലോപ്പുകളനവധി
നലമൊടു നിരയായിരുഭാഗത്തും
വിലസീടുന്നതിനിടയിൽ പ്രഭയുടെ
വലുതായുളള വിലാസത്താലേ
ഈടേറുന്നൊരു ശാരദഹിമകര-
കോടിപ്രഭകളെയോടിച്ചീടിന
ധാടിയെഴും ശരറാന്തൽഗണങ്ങടെ
മോടികളെന്തു പറഞ്ഞീടേണ്ടു!
ശരറാന്തലിലും ഗ്ലോപ്പിലുമായി-
ട്ടുരുകാന്തിയെഴും മാലകളങ്ങനെ
കെട്ടിയിണക്കിത്തൂക്കിയ ഭംഗികൾ
ദൃഷ്ടിക്കമൃതു ചൊരിഞ്ഞീടുന്നു.
പലപല ചിത്രപ്പടവും കാന്തി-
പ്പൊലിമ പുലൎന്നിടുമാൎക്കകളും പല
ജാലരുമുഖ്യൽപ്രതിരൂപങ്ങടെ
ജാലവുമുണ്ടിതിൽ വിലസീടുന്നു.

(മട്ടുമാറി)

സിംഹാസനമണ്ഡപമതിനുടെ
മേൽഭാഗത്തഗ്രംതന്നിൽ
ബംഹീയസ്സേജോമഹിത-

ശ്രീഗരുഡൻതന്നുടെ രൂപം
സ്ഥിതിചെയ്യുതു കണ്ടാൽ മൂല-
ക്ഷിതിപാലനിൽ വാത്സല്യത്താൽ
ദിതിജാരിയയച്ചുള്ളൊരു ഖഗ-
പതിയാണെന്നാക്കും തോന്നും.
അതിനടിയിൽ സ്തൂപികളുണ്ടുക-
ളതിനടിയിൽ തങ്കത്തൂക്കുക-
ളതിനിടയിൽ പൊന്മയശംഖും
മദഗജവും നരപതിമുദ്രയു-
മഥ ജാലരുമുരുളുകൾബഹുവിധ-
ലതകളഹോ! മേൽക്കെട്ടികളും
ഭംഗി കലർന്നൊരു നീരാള-
ത്തൊങ്ങലുമപ്പൊൻതൂണുകളും
വിലസീടുന്നതിനുടെ മദ്ധ്യേ
വിലയേറിന സിംഹാസനവും
വിലസുന്നതിനടിയിൽ പച്ച-
സ്സൂഷ്മപടം താഴെക്കാണാം.
ഇരുഭാഗങ്ങളിലും നിൽക്കും
പുരടമയം കേസരിയുഗ്മം
പുരുകാന്ത്യാ മണ്ഡപനാമം
ചരിതാർത്ഥകമാക്കീടുന്നു.
കണ്ണിന്നതികൌതുകമിയലും-
വണ്ണം തിരളുന്ന മഹാരുചി-
മണ്ഡലമതിൽ മുഴുകീടുന്നൊരു
മണ്ഡപവരമിതിനുടെ ചുററും
പച്ചച്ചകലാസുകൾ താഴെ
സച്ഛച്ഛവിയോടു വിരിച്ചതു-
മുച്ചൈസ്സുരപരമാനന്ദം
തുച്ഛേതരമരുളീടുന്നു.
അതിനു കിഴക്കുള്ളൊരു ഭൂതല-
മഖിലം മണികംബളതതിയാൽ
അണിയിച്ചതിലാരും നിജപദ-
മണയിപ്പാനൊന്നു മടിക്കും.

(മട്ടുമാറി)

അതിന്റെ കിഴക്കിരുവരികളിലങ്ങനെ-
യണിയായ് ചേർത്തിട്ടുള്ള കസേരകൾ
അതിഥികളോടിഹ വരികയിരിക്കെ-
ന്നരുളുന്നതു പോൽ വിലസീടുന്നു.
വൻപേറും പ്രഭയാൽ നിശി കത്തീ-
ട്ടുമ്പോൽ വിലസും തീച്ചെടിനിരപോൽ
സാമ്പ്രാണിച്ചെടിയവിടവിടത്തിൽ
സാമ്പ്രതമധികം വിളയാടുന്നു.
ഇങ്ങനെയോരോന്നരുളിച്ചെയ്താ-
ലെങ്ങുമിതവസാനിപ്പാൻ വിഷമം.
തുംഗഗഭീരശ്രീയുടെ നർത്തന-
രംഗമിതെന്നേ ചൊൽവാനുള്ളു.

(മട്ടുമാറി)

നടപന്തലിനങ്ങു പടിഞ്ഞാ-
റിയലുന്നൊരു വാതിൽ കടന്നാൽ
ഉടനേയപ്പുമുഖഭിത്തിയി-
ലുടമയെഴും പങ്കജനാഭൻ-
തിരുവടിയുടെ പത്തവതാരവു-
മുരുശോഭം കണ്ടു രസിക്കാം.
സുരുചിരമായുള്ള വിതാനം
പരിചോടിഹ മുകളിൽ കാണാം.
അതു കണ്ടുടനുള്ളിലിടക്കെ-
ട്ടതിലങ്ങു കടന്നീടുമ്പോൾ
ദ്യുതി കൊണ്ടു വിളങ്ങും ഭിത്തിയി-
ലിഹ കാണാം പലപല ചിത്രം.

(മട്ടുമാറി)

സരസതരമാം രാമപട്ടാഭിഷേകവും,
സന്താനഗോപാലകാന്ത്യഭാഗങ്ങളും,
രജനിചരവരപുരിയിൽ വച്ചു സീതാദേവി
രാമനു നൽകുവാനായ് ശിരോഭൂഷണം

പവനസുതപാണിയതിൽ വിന്യസിക്കുന്നതും
പാവനമാകുമനന്തശയനവും,
തിറമുടയ വിജയനുടെ ഘോരമാകും തപം,
തിങ്കൾചൂഡൻതന്റെ കാട്ടാളവേഷവും,
വിരുതൊട്ടു രമാധവൻ ചമ്മട്ടിയും പൂണ്ടു
വൃത്രാരിപുത്രനു തേർ നടത്തുന്നതും,
ദ്വിരദവടിവാണ്ടോരിന്ദ്രദ്യുമ്നഭൂപനു
ദാനവാരാതി വരം കൊടുക്കുന്നതും,
മലമകളുമായ് മഹാദേവൻ വസിപ്പതും.
മഞ്ജുളശ്രീമയൂരത്തിൻഗളസ്ഥലേ
മഹിതരുചി പൂണ്ടു വേലായുധൻ വാഴ്പതും
മാനസാനന്ദപ്രദം മഹാശോഭനം.
വിവിധതരചിത്രങ്ങളേവമേറും മഹാ-
ഭിത്തികൾ വിചിത്രങ്ങളത്ര പാർത്താലഹോ!
ഇതിനുമിഹ മുകളിലുണ്ടോരോ വിതാനങ്ങ-
ളിഷ്ടാനുകൂലമാലോകനം ചെയ്തിടാം.
ഇനിയിവിടെനിന്നും വടക്കുഭാഗത്തുള്ള
ഹോമപ്പുരസ്ഥലങ്ങളിലാശു ഗമിക്ക നാം.

(മട്ടുമാറി)

നീണ്ടു കിഴക്കുപടിഞ്ഞാറായ് രുചി
പൂണ്ടു വിളങ്ങും ഹോമപ്പുരയുടെ
മാനാതീതവിചിത്രത ചേൎന്ന വി-
താനാവലിയന്യാദൃശമത്രേ.
ഇതിനു പടിഞ്ഞാററം വിവിധ-
ദ്യുതി കലരും കരകൌശലവേലകൾ
അതിമഞ്ജുളമാൎന്നുളെളാരു തങ്ക-
ക്കതിർമണ്ഡപമത്ര വിലസീടുന്നു.
ഇതുമസ്സിംഹാസനമണ്ഡപവും
മതിയിലസൂയ വളൎന്നു പരസ്പര-
മതിസംരംഭമൊടിടയുന്നെന്നതു
കുതുകവിലാസം ചേൎക്കുമെവൎക്കും.
കണ്ണു മയങ്ങും കനകക്കതിരുക-

ളെണ്ണമകന്നു വിളങ്ങുക മൂലം
തിണ്ണമിതിന്നുള്ളൊരു നാമം കതിർ-
മണ്ഡപമെന്നതു സത്യം തന്നെ.
ഇതിനു പടിഞ്ഞാറേ മുറി മഞ്ജിമ
മുതിരും മണവറയെന്നറിയേണം.
അതിലും വേണ്ട വിതാനാദികളു-
ണ്ടതിശോഭനമായ് മിന്നീടുന്നു.
പുറമേ സദ്യ തുടങ്ങിയവക്കും
പുര മേൽത്തരമായനവധി കാണാം.
തിറമേറും നിപുണന്മാർ പലരിഹ
ഭരമേററു സഫലത്വമിയന്നു.

(മട്ടുമാറി)

പണിവകമരാമത്തിലുള്ള ശിരസ്തദാർ
പടുത കലരുന്ന കുഞ്ഞുണ്ണിപ്പണിക്കരി-
പ്പണികളെയശേഷം നടത്തിച്ചിടുന്നതിൽ
പണി പലതു ചെയ്തതനുമോദനീയം പരം.
ശിതമതി കലന്നുള്ള കൊച്ചുകൃഷ്ണാഖ്യനാം
ശില്പിതൻശേഷിയും ശ്ലാഘനീയം തുലോം.
ചിത്രതതിലേഖനവിതാനാദികൌശലം
ചേരും മണക്കാട്ടുനാരായണാഖ്യനും
സുമതി വേലുപ്പിള്ള ഗംഗാധരാഖ്യനും
സുകൃതി പരമേശ്വരൻപിള്ളയും പിന്നെയും
വിരുതുടയ പലരുമിഹ വേല ചെയ്തീടിനാർ
വിഖ്യാതമാം വിതാനാദിയിൽ സന്തതം.

(മട്ടുമാറി)

ഇതുകൾ നിരീക്ഷിക്കുന്നതിനായി-
ക്കുതുകമിയന്നൊരു വഞ്ചിമഹീന്ദ്രൻ
പരിവാരങ്ങളൊടത്തു മഹാത്മാ
ശരിയായ് നാലുമണിക്കെഴുന്നള്ളി.
പുരുവിനയത്തൊടു കേരളവർമ്മാ
നരപതിയുടനേ ചെന്നെതിരേററു.

ഇരുവരുമായിച്ചുററിനടന്ന-
പ്പുരകളുമവയിൽ ശോഭിക്കുന്നോ-
രരിയവിതാനാദികളുമശേഷം
നിരുപമകാന്ത്യാ കണ്ടു രസിച്ചു.
ഒടുവിൽ കേരളവമ്മമഹീപതി
പടുതരമിങ്ങനെയരുളിച്ചെയ്തു:—
"മുപ്പത്താലിൽ നടന്നൊരു ഘോഷമ-
തപ്പോളുള്ള ചെറുപ്പംമൂലം
ഇപ്പോളോമ്മിച്ചിട്ടന്നില്ലഥ
മുപ്പത്തേഴിൽ നടന്നതശേഷം
നന്നായോത്തിട്ടുന്നുണ്ടിഹ ഞാ-
നെന്നാലതിലുമിരട്ടി വിശേഷം
ഇന്നാണിങ്ങു വിതാനാദ്യങ്ങളി-
ലെന്നതിനില്ലൊരു സംശയലേശം."
എന്നതു കേട്ടു തെളിഞ്ഞു മഹാമതി
മന്നവനുടനേ തിരുവുള്ളത്തിൽ
ചിന്നീടുന്ന കൃതാത്ഥത കൈക്കൊ-
ണ്ടന്നു ജവേന തിരിച്ചെഴുന്നള്ളി.
പങ്കവിഹീനം തൃത്താലിക്കായ്
തങ്കമുരുക്കുകയെന്നൊരു കമ്മം
പതിനെട്ടാകും തീയ്യതി ശുഭമാം
മിഥുനംരാശിയിലത്ര നടന്നു.
അന്നുമുതൽക്ക 'പ്പുളളിട്ടജനം'
കന്യകമാർകുലമൌലി തുടന്നാൾ.
ഉന്നതഘോഷമതിരുപത്തൊന്നാ-
കുന്നൊരു തീയ്യതിയവസാനിച്ചു.
അതിനുടെ പിറേറദ്ദിവസം വരനുടെ-
'യങ്കംചാത്തു' കഴിഞ്ഞു യഥാവൽ.
ഇതിനിടയിൽ പല വഴിപാടുകളും
പതിവായ് വേണ്ട വിധത്തിൽ നടന്നു.
കല്യാണോത്സവദിവസം മുതലി-
ങ്ങെല്ലാസ്സുക്കാരാപ്പീസിന്നും
നാലുദിനങ്ങളിലൊഴിവു കൊടുപ്പാൻ

മൂലമഹീപതി കല്പന നൽകി.
താൽക്കാലികമായിട്ടു ദിവാൻപണി
നോക്കീട്ടുന്ന മഹാമതി രാജാ-
രാമാരായരുമാകുംവിധമു-
ത്സാഹമിതിങ്കൽ വഹിച്ചീട്ടുന്നു.

(മട്ടുമാറി)

അൻപിയന്ന ധരണീമണവാളൻ-
തൻപദാംബുരുഹഭക്തരിലേററം
മുൻപനായിട്ടും ശങ്കരനാമാ
തമ്പിയാം സുകൃതിമാർകുലമൌലി
രാജധാനി മാനേജരുമിന്നീ
രാജമാനമാം ശുഭകർമ്മത്തിൽ
സകല കാര്യഭരണത്തിലുമേതും
വികലഭാവമണയാസ്ഥതിനായി-
പ്പകലുമല്ലമൊരുവേൾ നിജസൌഖ്യം
ശകലവും കരുതിടാതെയനേകം
കൃത്യജാലമുന്മേഷമിയന്നു ന-
ടത്തിടുന്നതിസമർത്ഥതയോടേ.
ധീമതാം പ്രവരനാകിയ വേഷ്ക്കൂർ
രാമകൃഷ്ണനാമാവാം ബി. ഏ.
ഭൂമിദേവവരനോരോ യത്നമ-
തീ മഹോത്സവേ ചെയ്തീടുന്നു.
നീതിശാലി ഗുണവാൻ ബി. ഏ. സ-
ർവ്വാധികാര്യപദമെഴുമയ്യപ്പൻ-
പിള്ളയായ മതിമാനുമിഹാനിശ-
മുള്ളഴിഞ്ഞു പണി ചെയ്തീടുന്നു.
കെല്പു കൊണ്ടു ജനസമ്മതിയെങ്ങുമ-
നല്പമാണ്ട കപ്പാഴം ബി. ഏ.
എപ്പൊഴും പലതുമന്വേഷിച്ചുവ-
സിപ്പതുണ്ടു തേവാരത്തിങ്കൽ.
നല്പിലുള്ളമണയുന്നൊരു ബി. ഏ.
പപ്പുപിള്ളയൊന്നാംതഹശീൽദാർ

ഒപ്പമിങ്ങ സകലത്തിലുമനിശമ-
നല്പനൈപുണം യത്നിക്കുന്നു.
കെല്പിയന്ന രണ്ടാംതഹശീൽദാർ
പത്മനാഭഭൂദേവൻ ബി. ഏ.,
കാൎയ്യബോധമിയലും ശ്രീപാദം-
കാൎയ്യപൂൎവ്വഹൻ കൃഷ്ണാഹ്വയനും,

(മട്ടുമാറി)

മേൽകങ്ങാണം തഹശീൽദാർ
ഗോവിന്ദാഖ്യൻ മതിമാൻ,
സുമതി റജിസ്ത്രാരാകും വെം-
കിടാചലമയ്യൻ ബി. ഏ.,
ചിറയിൻകീഴിൽ തഹശീൽദാർ
ഗോവിന്ദാഖ്യൻ ബി. ഏ.
ഇത്ഥം പലനിപുണന്മാരാ-
മുദ്യോഗസ്ഥന്മാരും
പൃത്ഥ്വീപതിപാദസരോജേ
മെത്തും ഭക്തിയൊടോരോ
കൃത്യങ്ങളെയത്യുത്സാഹമൊ-
ടത്ര നടത്തീടുന്നു.

(മട്ടുമാറി)

ഇങ്ങനെ പലപല കോലാഹലമോ-
ടിങ്ങിരുപതിനൊടു മൂന്നാം തീയ്യതി
സംഗതമാകിയ മേടംരാശിയിൽ
മംഗലശാലിനി നമ്മുടെ രാജ്ഞി
നീരാടിശ് ശുഭമായി മനോജ്ഞ-
ശ്രീ രാജിക്കുമൊരാന്ദോളത്തിൽ
പാരാതേറിപ്പലപലവാദ്യഗ-
ണാരാവങ്ങളൊടിടചേൎന്നങ്ങനെ
ധാരാളം പരിവാരങ്ങളൊടും
പേരാളുന്നൊരു സൈന്യത്തോടും
താരാർമാതിൻപതിയാകും ശ്രീ-

നാരായണനംഭോരുഹനാഭൻ
വാണരുളീടും വരനിലയനമതി-
ലേണവിലോചനയാളെഴുനള്ളി
താണു വണങ്ങിട്ടേവനെ വഴിപോൽ
കാണിക്കയുമിട്ടുന്നതഭക്ത്യാ
ക്രുപകരയിൽ ഭഗവതിയെയുമപ-
താപം വേട്ടയ്ക്കൊരുമകനേയും
സോമൻ ശ്രീകണ്ഠേശ്വരനേയും
രാമസ്വാമി തുടങ്ങിയ നാനാ-
ദേവന്മാരെയുമാശു വണങ്ങി-
ത്തേവാരത്തു തിരിച്ചെഴുനള്ളി.
ക്കരുണാശാലിനി റാണിയനന്തര-
മുരുശുഭമായ മുഹൂൎത്തംതന്നിൽ
മരുതോന്നിക്കൂട്ടണിയുകയെന്നു-
ള്ളൊരു കൎമ്മം വിധിപോലെ നടത്തി,
ഗ്ഗുരുവരരായ് മരുവീടും വെങ്കിടേ-
ശ്വരനാമാവാം ഭൂമീസുരനും
കരുണാകരനാമാവു പിഷാരടി-
വരനും മററു ഗുരുക്കന്മാൎക്കും
പരിചൊടു ദക്ഷിണ നൽകീട്ടോമൽ-
ത്തിരുവുടലിന്നഥ വിശ്രമമേകി.
രണ്ടു മണിക്കിഹ പിന്നെയുമതിരുചി
പൂണ്ട മനോഹര നൃപകന്യകയാൾ
നീരാടിശ്ശുഭതരമായ് നിജപരി-
വാരാവൃതയായിങ്ങെഴുനള്ളി.
ചമയിച്ചുള്ള കുമാരീജനവും
സുമഹിതമാം നിറകുംഭവുമതുപോൽ
മംഗല്യാഷ്ടകമവനീസുരരുടെ
മംഗലമാം "മേലാപ്പുപിടിപ്പും"
വാദ്യരവകളും വാദ്യവുമിങ്ങനെ
വാദ്യം പലപല ഘോഷമിയന്നൊരു
ഗോത്രാവല്ലഭയാളുടെ മംഗല-
യാത്രാഡംബരമെത്ര വിശേഷം!

കെട്ടിനകത്തഥ നിറപറയാദികൾ
വൃഷ്ടിയിൽ വച്ചതിന്നരികേ ചെന്നു-
ക്കുട്ടിമൃഗാക്ഷി കരത്തിലൊരമ്പും
ത്തുഷ്ട്യാ മുകുരവുമേന്തിയിരുന്നാൾ.
ദൃഷ്ടിയെവക്കും ഹന്ത! കുളിക്കും
മട്ടിലുടൻ തൃക്കരതളിരിന്മേൽ
കെട്ടി പുരോഹിതവര്യൻ പള്ളി-
ക്കെട്ടിന്നുള്ളൊരു കാപ്പും വിധിപോൽ.
ചട്ടംപോലബ്ബ്രാഹ്മണിമാരും
വട്ടക കൊട്ടിപ്പാട്ടു തുടങ്ങി.
പാട്ടുകഴിഞ്ഞഥ നീരാജനവും
കോട്ടമകന്നു നടന്നിതിവണ്ണം
'നോയ്മ്പിന്നുള്ളൊരുഴിച്ചിൽ' കഴിഞ്ഞുൾ-
ക്കാമ്പു തെളിഞ്ഞഥ നെന്മേനിക്കൊടി-
നായ്മ്പിടയുന്തിരുവുടലാൽ കന്യക
താൻപുനരപി നീരാഴിയിലെത്തി,

(മട്ടുമാറി)

അമന്ദമായ് നീരാടിയൊരളവ-
ങ്ങമൂന്നുരുത്തിപ്പോററിയുമുടനേ
ഒരുക്കിവച്ചൊരു മരക്കലത്തെ-
ത്തെരിക്കനേ ചെന്നൊഴുക്കി വിധിപോൽ.
മടങ്ങി വീണ്ടുമകത്തെഴുന്നള്ളി-
ച്ചടങ്ങുപോലെ പുരോഹിതനുടനേ
കടന്നു വട്ടക വയ്പിച്ചതിനെ-
ത്തുടർന്നു ദക്ഷിണ ബ്രാഹ്മണിമാർക്കായ്
കൊടുത്തിവണ്ണം തട്ടിനകർമ്മം
നടത്തി വഞ്ചിമഹീപതിവംശ-
ത്തടത്തിൽ വളരും കല്പകവല്ലിയു-
മടുത്ത പരിണയമോർത്തു വസിച്ചാൾ.

(മട്ടുമാറി)

ഇരുപത്താലാം തീയതിയിൽ പുന-
രരുണനുദിക്കും മുൻപേ നമ്മുടെ

വരനായീടിന യുവഭൂപാലൻ
ശരിയായ് മണിയഞ്ചായീടുമ്പോൾ
‘അയണിയൂത്തി’ന്നായിപ്പുരിചൊടു
ഹയശകടം കരയേറിത്തരസാ
നയവിനയാംബുധി കാണികൾ കൌതുക-
മിയലുംപടി പരിവാരങ്ങളോടേ
ശ്രീകണ്ഠേശ്വരനിലയസമീപേ
പേർ കൊണ്ടീടുമലങ്കാരത്താൽ
കോമളമാക്കിയ മഠമതിലെത്തി-
ശ്രീമദ്ദേവാലയവാപിയതിൽ
സ്നാനാദിയുമുടനയണിയൂത്തും
ദാനാദികളും ഹന്ത! നടത്തി
നാനാജനനയനാളിനിരയ്ക്കൊരു
സൂനായിതനായത്ര വസിച്ചു.
പതിനേഴാണു വയസ്സിപ്പൊഴുതീ
മതിമാനെന്നു ധരിച്ചീടേണം.
സ്തുതി പറകല്ലിഹ ലാവണ്യശ്രീ-
യതിയായിട്ടു വിളങ്ങീടുന്നു.
കനകശ്രീ വിളയാടും ഗാത്രം
വിനയവിലാസത്തിന്നൊരു പാത്രം.
കമലശ്രീ നടമാടും വക്ത്രം.
കാണിജനത്തിനു കൌതുകപാത്രം.
പട്ടാംബരമൊന്നമലം തലയിൽ
കെട്ടിത്താരയുഗത്തിനു നാണം
തട്ടും വൈരക്കുണ്ഡലമേന്തി-
പ്പുഷ്ടശ്രീഗളമതിൽ മണിമാലയു-
മിട്ടു മനോഹരമണിഖചിതം കൈ-
ക്കെട്ടും വീരോചിതശൃംഖലയും
ഘൃഷ്ടിയെഴും മണിമോതിരജാലവു-
മിഷ്ടം പോലതിമഞ്ജുളമാം പരി-
വട്ടവുമങ്ങനെ ചാർത്തിയ ഭംഗിക-
ളൊട്ടല്ലിന്നു പറഞ്ഞറിയിപ്പാൻ.
ദൃഷ്ടിയുഗത്തിനു ജന്മം സഫല-

പ്പെട്ടെന്നേവരു മോർത്തീടുന്നു.
യാത്രക്കിനിയൊരു താമസമില്ലിഹ
മാത്രം നിന്നാലെല്ലാം കാണ്മാൻ
പാത്രത വരികില്ലതിനാൽ മുൻപേ
യാത്ര നമുക്കു നടത്തീടേണം.
മഠമതിനങ്ങു കിഴക്കുവശത്തു-
ള്ളിടവഴിയേ പോക്കഞ്ഞിപ്പുരയാം
കോട്ടക്കരികേ പുറമേയുള്ളൊരു
റോട്ടിൽ ചെന്നു കിഴക്കോട്ടേക്കായ്
ത്തുഷ്ട്യാ പഴവങ്ങാടിവഴിക്കാ
"വെട്ടിമുറിച്ചൊരു കോട്ട"യിലെത്തും.
അതുവഴി തെക്കേത്തെരുവു കടന്നി-
ട്ടഥ പോയ് പശ്ചിമവീഥിയിലെത്തി-
ത്തേവാരത്തു നടക്കലണഞ്ഞിട്ടു-
മീ വരനെന്നതു ബോധിക്കേണം.
ആ വഴിയേ നാം പോവതിനായി-
ട്ടാവുംമട്ടു തുനിഞ്ഞീടേണം.
എള്ളുകളിട്ടാൽ ഭൂമിയിൽ വീഴാ-
ത്തുള്ള വിധത്തിൽ തിങ്ങിഞെരുങ്ങും
പുരുഷാരങ്ങടെയിടയിൽക്കൂടി-
ട്ടൊരു വിധമാശു നടന്നീടേണം.
മാളികകളിലും മരനിരയതിലും
മാർഗ്ഗങ്ങളിലും മതിലിന്മേലും
ആളുകൾ വന്നു നിറഞ്ഞു കിടപ്പതി-
നളവുമൊരററവുമില്ല നിനച്ചാൽ.
യാത്രയിതോർത്തു തലേനാളുള്ളൊരു
രാത്രിയിലാരുമുറങ്ങീട്ടില്ലാ.
താർത്തേൻവാണികളുടെ സംരംഭം
പാർത്താലത്ഭുതമെന്നേവേണ്ടു.
കോമളരുചിയിൽ വിടിർന്നൊരു തങ്ക-
ത്താമരനിരയാൽ കെട്ടിയ നാനാ-
ദാമാവലി പോൽ സൌധംതോറും
വാമാക്ഷീമുഖനിര വിലസുന്നു.

ജംഭാന്തകലോകത്തിൽ പണ്ടേ
രംഭ നിനച്ചാലൊന്നേയുള്ളു.
സംഭൃതശോഭമനന്താഗാരേ
രംഭകളനവധി വിലസീടുന്നു.
എന്നീവണ്ണം കവിമണിയമ്മയിൽ-
തന്നോടു ചൊല്ലിയ വാക്യം വാസ്തവ-
മെന്നറിയിപ്പാനെന്ന വിധം ജന-
വൃന്ദം മഞ്ജുളപത്രാവലിയാൽ
മിന്നും രംഭാപങ്ക്തിയെയണിയി-
ച്ചുന്നതകാന്തിവിലാസം ചേർത്തു
തങ്ങടെ തങ്ങടെ തെരുവിൽ നിറുത്തിയ-
തിങ്ങതികൌതുകമേകീടുന്നു.
കോളല്ലിങ്ങനെ മന്ദം പോയാ-
ലാളുകൾ വന്നു ഞെരുക്കും മുൻപേ
ചീളെന്നുടനേ തെക്കേത്തെരുവതിൽ
മാളികയുടെയരികത്തു ഗമിക്കാം.
ഹന്ത! മുദാ കണ്ടീടുക നമ്മുടെ
പൊൻതിരുമേനിയുമരികേയോമൽ-
ച്ചന്തം ചേർന്നിടുമിളമുററാണിയു-
മന്തികസീമനി കേരളവർമ്മാ
ദേവനുമീ വരവീക്ഷിപ്പതിനായ്
മേവീടുന്നിതു മാളികമുകളിൽ.
ഠരം വക കാണ്മാനുടനേ ഭാസ്കര-
ദേവനുമല്പമുയർന്നു തുടങ്ങി.
ദുഷ്ടതയേറും മനുജാധമനതി
പുഷ്ടി തനിക്കു വരുത്തീടുള്ളൊരു
ശിഷ്ടൻതൻെറ ഗുണത്തെദ്ദുഷിയാൽ
ധൃഷ്ടത പൂണ്ടു മറയ്ക്കും പോലെ,
വൃഷ്ടികൾ കൊണ്ടു ജലത്തെയെടുത്തിഹ
പുഷ്ടി തനിക്കേവാസരമേകും
വിഷ്ടപവരനാം സൂര്യ്യനെയപ്പോ-
ളൊട്ടു മറച്ചിതു ജലധരജാലം.
മഴയുണ്ടാമോയെന്നു ജനങ്ങൾ.

ക്കഴല്പള്ളത്തില്പദിച്ചുതുടങ്ങി.
പൊടിപൊടിയായിച്ചില നീത്തുള്ളികൾ
ഝടിതി നിലത്തു പതിച്ചുതുടങ്ങി.
വഞ്ചീശനുമഥ സരസിജനാഭനെ
നെഞ്ചിൽ ഭക്തിയൊടൊന്നു നിനച്ചു.
ചഞ്ചലമായൊരു കാററുടനേ മുകിൽ
സഞ്ചയമൊക്കെയടിച്ചു പറത്തി.
കുഞ്ഞേതരമാം കാന്തിവിലാസം
കൊണ്ടേറെത്തെളിവക്കുമാന്റ.
ഉണ്ടേവം വല്പതായ മഹത്വം
പണ്ടേയിങ്ങതിനൊരു കഥ പറയാം.

(മട്ടുമാറി)

കൊല്ലമായിരവുമിരുപത്തു രണ്ടും
ചെല്ലുമായളവിൽ വാനിൽ പൂക്കൊരു
കല്യമാനസൻ കവിമണി കാമനു
തുല്യമാധുരി കലന്ന മഹാത്മാ
സ്വാതിധർമ്മതതിയാൽ മഹിതന്നിൽ
ഖ്യാതി പൂണ്ട കുലശേഖരഭൂപൻ
സ്വാതിയായ തിരുനാളില്പദിച്ച സ്വ—
നീതിശാലിയുടെ കാലമൊരിക്കൽ
നാഞ്ചനാട്ടിൽ മഴ പെയ്യാഞ്ഞതിനാൽ
വാഞ്ചര വിട്ടു ജനമാകെ വലഞ്ഞു,
പഞ്ചമെന്നതു പരന്നു നിറഞ്ഞു;
കിഞ്ചെ വെള്ളമില്ലാതെ ചമഞ്ഞു;
വാപി കൂപമിവയൊക്കെയുണങ്ങി;
താപമെങ്ങുമൊരുപോലഥ പൊങ്ങി;
ശാപമേററവിധമാളുകൾ മങ്ങി;
പാപവൈഭവമിതെന്നു പരുങ്ങി.
പത്മനാഭദാസനുമക്കാലം
പത്മനാഭപുരമതിലെഴുനള്ളി.
ഛത്മനാ രഹിതമാം വിനയത്തിനു
സത്മമായ ജനസഞ്ചയമപ്പോൾ

പൊന്നുതമ്പുരാൻതന്നുടെ സവിധേ
ചെന്നു ഖിന്നതയശേഷമുണർത്തി.
മന്നവർക്കു മണിയും തിരുമിഴിയതിൽ
വന്നൊരശ്രുവിനെയൻപിലടക്കി
"ഇന്നു തന്നെ കുറവെഴുതിക്കാം കര-
മന്യമെന്തു ഞാൻ ചെയ്തീടേണ്ടു?;
പന്നഗാരിവാഹനനാം ഭഗവാൻ
തന്നെയാർത്തികളശേഷമകററും."
എന്നു ചൊന്നതവർ കേട്ടതി ഭക്തിയൊ-
ടൊന്നുവീണ്ടുമുരുഖേദമുണർത്തി.
'പൊന്നുതമ്പുരാനിന്നടിയങ്ങടെ
മന്നിലൊന്നെഴുന്നള്ളുകിലാർത്തികൾ
തീർന്നുകൂടുമതിനില്ലൊരു സംശയ'-
മെന്നു കേട്ടു കരുണാനിധിയാകിയ
മന്നനും കമലനാഭനെയോർത്തി-
ട്ടന്നു നല്ല വെയിലത്തു നിതാന്തം
ഉള്ളലിഞ്ഞു ബത! കാൽനടയായെഴു-
ന്നള്ളിയാശ്രിതർകൂടെ കൂടാതെ
പൊള്ളിടും വഴിയിലൂടതിധൈര്യം
കൊള്ളുമസ്സുകൃതി യാത്ര തുടങ്ങി.

(മട്ടുമാറി)

തന്നുടെ ദാസവതംസായിതനുടെ
പൊന്നിൻതിരുമെയ് ചുട്ടതുനേരം
പന്നഗശയനൻ ഭഗവാനും മന-
മന്നതികഠിനം ചുട്ടുതുടങ്ങി.
ഇന്ദ്രനുമായതറിഞ്ഞു തളർന്നു
തന്നുടെയുള്ളിൽ ശങ്ക വളർന്നു;
വൃന്ദാരകജനമൊക്കെയുമിളകി;
സഞ്ചാരികളും ഭീതിയിൽ മുഴുകി.
ഉടനേ ജലധരനിരയെ വരുത്തി-
ക്കൊടിയൊരു ശാസന നൽകി മഹേന്ദ്രൻ
പടുതരമായിഹ ഭൂമിയിൽ വർഷി-

ച്ചിട്ടവതിനായതിശീഘ്രമയച്ചു.
പെട്ടെന്നഥ മുകിൽനിരയാകാശ-
ത്തട്ട നിരന്നു പരന്നുതുടങ്ങി;
നിഷ്ഠുരമാമിടി കേട്ടുതുടങ്ങി;
വൃഷ്ടിയുമാശു ചൊരിഞ്ഞുതുടങ്ങി.
ആനന്ദത്തിരമാലയിൽ മുങ്ങിയ
നാനാജനമഥ നൃപനെ വണങ്ങി
മതിമതിയേവമെഴുന്നള്ളത്തെ-
ന്നതിവിനയത്തൊടു തൃക്കഴൽ കൂപ്പി.
എന്നാലങ്ങനെയെന്നു മഹീശനു-
മന്നരചെയ്തു നിജാന്നപ്രായദൈവം-
തന്നിൽ പുനരപി പെരുകിയ ഭക്തി ക-
ലന്നു ജവേന തിരിച്ചെഴുന്നള്ളി.
അതിനാലിഹ മഴയില്ലാതായതി-
ലത്ഭുതമില്ല വിചാരിക്കുമ്പോൾ.
മതിമാനാം ശ്രീമൂലനൃപൻതൻ-
മതിവിമലതയും വിശ്രുതമല്ലോ.
മതിമതിയക്കഥ, വരനുടെ വരവിനി-
യതിരസഭരിതം കണ്ടു രസിക്കാം.
ഇടിയൊടു പാരം പട പൊരുതീടും
വെടികളടുത്തു മുഴങ്ങീടുന്നു.
കൊടിയൊരു പോലീസ്കാരും ലോകരെ
വടിവിനൊടകലെ നിറുത്തീടുന്നു.
സ്ഫുടരവമാകും നഗരാവാന്റൊരു
പിടിയാനയിതാ! കാണാകുന്നു.
പണ്ടേയുള്ള നഭാവിനെഴും കൊടി-
പൂണ്ടൊരുഗജവും വന്നീടുന്നു.
രണ്ടിലുമോരോ തലയിൽക്കെട്ടുകൾ
കൊണ്ടുപിടിച്ചു വിളങ്ങീടുന്നു.
ഢക്കായിട്ടണിയിച്ച മഹാശുമ-
ഹങ്കാരത്തൊടു പിറകിൽ വരുന്നു.
കുതിരപ്പട്ടാളങ്ങളുമണിയായ്
മതിരസകരമിഹ വന്നണയുന്നു.

വാലാക്കുഴയും ബാണക്കൊടിയും
ചേലിൽ കൈയിൽ വഹിച്ചവരും പല
വേൽക്കാർ പട്ടക്കാരുമരിക്കാർ
വെള്ളിത്തടിയാന്റള്ളൊരു ജനവും
നഗരശ്ശുചീകരണാധികൃതന്മാർ
മികവെഴുമവരുടെ വേലക്കാരും

ഇരുവരിയായി നിരന്നവരുന്നു-
ണ്ടുരുതരഭംഗിയിലതിനുടെ പിറകേ
മേളത്തോടിഹ ബാൻഡു മുഴക്കി-
ത്താളത്തിന്നടി വച്ചിട്ടൊരുപോൽ
അണിയണിയായി നിരന്ന ഭടന്മാ-
രണയുന്നിതു; പുനരവരുടെ പിറകേ
ചേലാളുന്ന വിധത്തിലണിഞ്ഞൊരു
കാലാളുകളിരുപാർശ്വങ്ങളിലും
മാലാകാരവിലാസത്തോടേ
വേലാതീതപ്രഭയിൽ വരുന്നു.

അതിനുടെയകമേ സചിവാദികളാ-
മധികാരസ്ഥന്മാരുടെ തതിയും
മാനം ചേർന്ന വിളങ്ങും തമ്പി-
സ്ഥാനം പൂണ്ടൊരു മാന്യന്മാരും
തള്ളിപ്പായും മണികനകങ്ങൾ-
ക്കുള്ള മഹാപ്രഭയാകിയ നദിയുടെ
ഉള്ളിൽ പുക്കു കുതൂഹലമേററം
കൊള്ളിച്ചീട്ടും ദാസീജനവും

ആഗസ്സണയാതണയുന്നിതു; പുന-
രേകസ്വരഗതിയാൽ ശ്രോതാക്കളെ-
യാകെസ്സുഖമതിൽ മുഴുകിച്ചീടിന
നാഗസ്വരനിരയവരുടെ പിൻപേ.

അഞ്ചിതനാഗസ്വരവായനയാൽ
സഞ്ചിതഭൂരിയശസ്സായീടിന
തഞ്ചാവൂരിൽ ശിന്നപ്പക്കിരി-
തഞ്ചാത്തുഷ്ഠം വിസ്മയനീയം.

(മട്ടമാറി)

അധികതരനിപുണതയൊടെത്രയും വിഖ്യാതി-
യാൻഉള്ള വക്കലെശ്ശുങ്കപ്പണിക്കരും
അതിവിദിതനാം കുഞ്ഞുരാമപ്പണിക്കരും
വൈക്കത്തുകാരനാം നാണുപ്പണിക്കരും
അംബരനദീവാസി കുട്ടൻപണിക്കർ കൊ-
ച്ചുമ്മിണിയിതിഖ്യാതനാകും പണിക്കരും
വിരുതരഥ പലരുമിഹ സുമധുരഗഭീരമായ്
വായിച്ചിട്ടുന്നു നാഗസ്വരം ഭാസ്വരം.
തകിലറയുമവരുടയ തലകുലുക്കങ്ങള-
ത്താളത്തിൽ മേളിച്ചു നൽകുന്നു കൌതുകം.

(മട്ടമാറി)

ഭംഗിയൊടേയഥ ചമയിച്ചുള്ളോം.
രംഗനമാർ നിരയായണയുന്നു.
മംഗല്യാഷ്ടകദീപാദികളെഴു—
മംഗനമാരാണതിനുടെ പിറകേ.
മൈക്കണ്ണികളൊരു കൂട്ടം പുനരപി
വരജ്ജരവകളെ മുഴക്കീട്ടുന്നു.
അതിനുടെ പിറകേയാനകൾ മൂന്നു-
ണ്ടതിരുചിയോടു നിരന്നു വരുന്നു.
അവയുടെ പിൻപേ രണ്ടു ഗജങ്ങളു-
മവികലശോഭമണഞ്ഞീട്ടുന്നു.
വിലയേറീടിന പൊന്നു പൊതിഞ്ഞൊരു
തലയിൽക്കെട്ടുകളോരോ ദന്തി-
ത്തലവന്മാരുടെ തലയിലുമങ്ങനെ
വിലസീട്ടുന്നു മനോഹരതരമായ്.
പലനിറമുള്ളോരമ്പാരികളിവ
നലമൊടു മുകളിൽ വഹിച്ചീട്ടുന്നു.
മുന്നണിതന്നിലെ മൂന്നുഗജങ്ങളി-
ലുന്നതതരമായ് മദ്ധ്യത്തിങ്കൽ
വന്നീട്ടുന്ന ഗജത്തിൻമുകളിൽ
പൊന്നിൻപ്രഭകൾ പുലൻവിളങ്ങും

സുരുചിരമാമമ്പാരിയിൽ നമ്മുടെ
വർന്നതികാന്ത്യാ വാണരുളുന്നു.
തിരുവപ്പാടന്മാരിരുപേരിഹ
പിറകിൽത്തുണയായ് മരുവീടുന്നു.
ഇരുവശമുള്ളൊരു കാലാൽപ്പടയുടെ-
യിരുവരിയിതിനുടെ പിറകിൽ വരെക്കും
ഒരുതരമിയലും വേഷാദികൾ കൊ-
ണ്ടുരുതരസുഷമാഡംബരമോടേ
വിരവിൽ നിരന്നു വിലങ്ങത്തിൽ പുന-
രൊരു വരിയായീ യാത്രാഡംബര-
നിരയെയടച്ചൊരു വേലി കണക്കേ
നിരുപമമായി വിളങ്ങീടുന്നു.
ഇങ്ങനെ പലപല വിഭവം ചേർന്നു വി-
ളങ്ങും ഘോഷവിശേഷത്തോടേ
ഭംഗിയിൽ വരനത്തെക്കേത്തെരുവിനെ-
യങ്ങു കടന്നൊരു സമയത്തിങ്കൽ
മറെറാരു വഴിയേ മൂലമഹീപതി
തെറെറന്നഥ തേവാരത്തെത്തി
ധീമാൻ വരനുടെ വരവും നോക്കി-
പ്പൂമുഖമതിലെഴുന്നള്ളിയിരുന്നു.
തിരുമേനിപ്രഭ വഴിപോൽ കണ്ടും
വരനുടെ യാത്രയടുത്തതു കൊണ്ടും
പരമാനന്ദക്കടലിൽ തിങ്ങിന
തിരമാലകളുടെ മദ്ധ്യേ മുങ്ങി-
ത്തരളിതരായ ജനം വിനയത്തോ-
ടിരുവശമങ്ങനെ നിന്നിടുന്നു.
പലപല വാദ്യരവങ്ങളുമപ്പോൾ
കലകലശബ്ദവുമൊന്നു മുതിർന്നു.
ഉരുതരഘോഷം ഗംഗാനദിയിൽ
പെരുകിന ജലനിര വാരിധിയിൽ പോൽ
നിരവധി ജനതതി തിങ്ങി ഞെരുങ്ങി-
ത്തെരുതെരെയുള്ളിൽ പുക്കുതുടങ്ങി.
ചാരുത കലരും വരനും ജനസുഖ-

കാരണമായഥ നടയിൽ പൃക്ക
വാരണമതിൽ നിന്നവരോഹിച്ചൊരു
നേരം ഹന്ത! പുരോഹിതവര്യൻ
മംഗല്യാഷ്ടകവും നിറകുടവും
ഭംഗിയിലേന്തിയ പരിജനമോടും
ഗ്രാമജനാദികളോടുമുദാരം
ശ്രീമാൻ വരനെച്ചെന്നെതിരേററു
കോമളകാന്തിവിലാസത്തോട-
ഷ്ടമുഖസീമാവിങ്കൽ നയിച്ചു.
ഉൾക്കുതുകത്തോടു നൃപനും വരനെ-
ക്കൈക്കു പിടിച്ചു വരിച്ചു തദാനീം.
സ്മരസമനാകും വരനഥ ചെന്ന-
ത്തിരുമംഗല്യസ്നാനം ചെയ്തു
തരസാ വന്നിഹ ഭക്തിസമേതം
ഗുരുവിനു ദക്ഷിണ വിധിപോൽ നൽകി,
പൂമുഖസീമനി പുരോഹിതവര്യൻ
പുണ്യാഹാദിക്രിയകളശേഷം
ആമയജാലമകന്നീടുംപടി
കേമമതായ് നിറവേററിയ ശേഷം
ഉള്ളിൽത്തട്ടിയ വിനയമൊടകമേ-
യുള്ളക്കെട്ടിലണഞ്ഞ ദശായാം
ഉള്ളൊത്തിട്ടലർ കളഭവുമാന്നൊരു
വെള്ളിത്തട്ടം നൽകി നരേന്ദ്രൻ.
പാരം ഭക്തിയൊടായതു വാങ്ങിയു-
ദാരശ്രീ കലരുന്ന കുമാരൻ
ക്ഷീരം കൊണ്ടും തന്നുടെ പാദം
നീരം കൊണ്ടും ശുദ്ധിവരുത്തി.

(മട്ടുമാറി)

സ്നാനപൂർവ്വമിങ്ങയണിയമുത്തമ-
നൂനമായി നിറവേററിയ നമ്മുടെ
റാണിയായ വധുവും ബഹുമോദം
കാണികൾക്കു വളരുന്ന വിധത്തിൽ

കനകരത്നമയഭൂഷണസഞ്ചയ-
മണ്ഡലമായ തിരുവുടലിലണിഞ്ഞു
മനസി പത്മനാഭന്റെ പദാബ്ജവു
മനുപമാദരവിലാസം ചേർത്തു
ഉന്നതാഭമാം മണ്ഡപമതിനുടെ
മുന്നിലങ്ങു നിറപറദീപാദികൾ
ഒന്നുപോലെ വിലസുന്നതിന്നരികില-
മന്ദഭാവമെഴുന്നള്ളിയിരുന്നാൾ.
നിർമ്മലാശയഗഭീരൻ കേരള-
വർമ്മദേവനും സചിവാധിപനും
ദീക്ഷിതാദികളുമത്രവധൂപിതൃ-
മാതുലാദ്യരും നിന്നരുളുന്നു.
സമ്മദേന മണ്ഡപനികടേ പുന-
രമ്മതമ്പുരാക്കന്മാരും, നൃപ-
മഹിഷിയാകുമമ്മച്ചിതുടങ്ങിയ
മഹിതമാർ വടക്കേത്തളമതിലും
നിർന്നിമേഷമാകും നയനത്തോടു
നിന്നിടുന്നു ദേവാംഗനമാർ പോൽ.
അവിടെയും തദനു പുണ്യാഹാദിക-
ളവികലം ഗുരുവരൻ നിറവേററി
'മന്ത്രകോടി'കൾ വധൂവരരെക്കൊ-
ണ്ടന്തരായമെന്ന്യേയണിയിച്ചു.
റാണിയാളഥ യഥാവിധി കന്യാ-
ദാനവും മഹിതഗോദാനമതും
മാനമാർന്നു ധരണീവിബുധർക്ക-
ന്യൂനമായ വിഭവേന നടത്തി.
മാനസപ്രമദമോടഥ നമ്മുടെ
മാനവാധിപതിയാം തിരുമേനി
സ്വർണ്ണരത്നരുചി വിതറീടും കതിർ-
മണ്ഡപത്തിനകമേയെഴുന്നള്ളി
ശ്രീയെഴുന്ന പട്ടാംബരഭൂഷിത-
മായിട്ടും പലകമേലിലിരുന്നു.
മഞ്ജുളാംഗിയാം റാണിയുമുടനേ

മഞ്ഞു മൂടിയൊരു ചെറുപൊൻതാമര-
യെന്നപോലെയൊരു മൂടുപടത്താൽ
ഛന്നമായി വിലസും തിരുമുഖമൊടു
കോമളാഭമാം ശരവും മുകുരവു-
മോമനക്കരതലത്തിൽ വഹിച്ചു
ചെന്നു മാതുലപുരോഭാഗത്തില-
മന്ദകാന്തിവിഭവത്തൊടിരുന്നാൾ.
വൻപെഴുന്ന കോലാഹലനിരയാൽ
കമ്പ്രമായ ജനരാശി മനസ്സി-
ന്നിമ്പമേററമിയലുന്ന വിധം മണി-
യൊൻപതപ്പൊഴുതടിച്ചതു പാർത്താൽ,
'ഇപ്പൊഴാണു ശുഭരാശി,യിതിങ്കൽ
കെല്പിയന്നൊരീ വേളി നടന്നാൽ
അല്പമല്ല ഗുണമൊൻപതു നിധികളു-
മൊപ്പമായിവിടെ വിലസിടു'മെന്നോ,
'അഗ്രഹങ്ങളൊൻപതുമൊരുപോലെയ-
നുഗ്രഹങ്ങളിഹ നൽകുന്നെ'ന്നോ
സുഗ്രഹം ജനതയോടു വിളിച്ചു സ-
മഗ്രമോദഭരമരുളിയപോലായ്.
ഭൂരിവാദ്യനിനദങ്ങളുമപ്പോൾ
നാരിമാരുടയ വായ്ക്കുരവകളും
പാരമാർപ്പുവിളിഘോഷവുമതിഗം-
ഭീരമായിഹ മുഴങ്ങീടുന്നു.
വരനണഞ്ഞു വധുവിന്നഭിമുഖമായ്
സുരുചിരാഭമഥ നിന്നൊരു നേരം
ചാലവേയിഹ പുരോഹിതനും തൂ-
ത്താലിയാർന്ന തിരുമംഗലസൂത്രം
ഇമ്പമോടു വരനാകിയ കോയി-
ത്തമ്പുരാന്റെ കരതാരതിൽ നൽകി.
തമ്പുരാനുമതു വാങ്ങിയുടൻ ചെറു-
തമ്പുരാട്ടിയുടെ കണ്ഠംതന്നിൽ
തുഷ്ടിപൂർവ്വമണിയിച്ചുടനേയതു
കെട്ടി മാതുലൻ മംഗലമഹിതം.

കേട്ടിതപ്പൊഴുതു മൂന്നരുവണിവെടി
പൊട്ടിടുന്നതു കിഴക്കേക്കോട്ടിൽ.
കോട്ടവാതിലിൽ ഭീരങ്കിധ്വനി
കേട്ടു ഘോരമീരെട്ടുമൊരഞ്ചും.
ശിഷ്ടലോകമഥ ശുഭസംപ്രാൎത്ഥന
ഹൃഷ്ടഭാവമൊടിവണ്ണം ചെയ്താർ:—

(ശ്ലോകം)

ശ്രദ്ധയോടു വിധിയും തഥാ മഹിത-
ശക്തിയോടു ശമവും മഹാ-
വിദ്യയോടരായ വിത്തവും വിനയ-
കാന്തിയോടിഹ വിഭുത്വവും
കത്തിടുന്ന കതിരാൎന്ന ചാരുമണി-
യോടു തങ്കവുമപങ്കമാ-
യൊത്തണഞ്ഞ വിധമത്ര ചേൎന്നിവർ വി-
ളങ്ങിടുന്നു ബഹുഭംഗിയിൽ.

(ധംധ്ധ ടി—ആദി—'മൃദുമൃഗമേനി,മട്ടു്.)

(പല്ലവി)

ദമ്പതിമാരിവർ ഭൂമിയിലേറെ നാൾ
ഇമ്പമൊടേ വിലസീടുക മംഗളം.

(അനുപല്ലവി)

അൻപിയലും ശ്രീസാരസലോചനൻ
അനുപദമകമലിഞ്ഞരുളുമനുഗ്രഹാൽ. ദമ്പ.

(ചരണങ്ങൾ. ൧)

ശ്രീകുലശേഖരഭൂവലശാസന—
കുലപരിപോഷണകാരണമായിഹ. ദമ്പ.

(൨)

ലക്ഷ്മിയുമംബുരുഹാക്ഷനുമെന്നപോൽ
ലക്ഷ്മീരാമാഹ്വാനസമേതരാം. ദമ്പ.

(൯)

മൂലമഹീശ്വരകേരളനരവര-
പാലനലാളനഭാജനമായിഹ-

(മട്ടുമാറി)

തദനുവധൂവരമുഖദൎശനമതു-
മുദകസമേതം ദാനവുമുടനേ
പാണിഗ്രഹണം സപ്തപദാടന-
മാനന്ദപ്രദമാം മലർഹോമം
'കല്ലു കണക്കേ നിശ്ചലയായി-
ട്ടെല്ലാനാളും വാഴക'യെന്നൊരു
ചൊല്ലോടു കണവൻ വധുവിനെയമ്മി-
ക്കല്ലു ചവിട്ടിച്ചീടും ക്രിയയും
ഊനതയെന്ന്യേയതിനതിനോരോ
ദാനങ്ങളുമൌപാസനമാകും
വിധിയും ശാസ്ത്രംതന്നിൽ ചൊല്ലിയ
വിധിപോലൊക്കെ നടന്നൊരുശേഷം
മാടമഹീശ്വരസംഭാവനയാ-
മീടേറും മണിമാലികയുടനേ
ധാടിയെഴുന്നൊരു വധുവിൻകണ്ഠ-
ത്തോടു കലൎന്നു വിളങ്ങി മനോജ്ഞം.
ഇങ്ങനെ പരിണയകൎമ്മമശേഷം
മംഗലമായി നടന്നൊരുശേഷം
ഭംഗിയിണങ്ങിയ ദമ്പതിമാരവർ
തുംഗശ്രീ മണവറയിലണഞ്ഞാർ.
അനുമോദനവും മംഗളപത്രവു-
മനുപമസമ്മാനങ്ങളുമോരോ
ജനതതിയിഹ വിട്ടുള്ളതു പാൎത്താ-
ലനവധിയെന്നേ ചൊൽവാനുള്ളു.

(മട്ടുമാറി)

അന്നുമുതൽക്കേഴു ദിനങ്ങളി-
ലുന്നതമായിട്ടു നടന്നൊരു
ഘോഷങ്ങളശേഷം ചൊൽവാൻ

ശേഷി നമുക്കില്ല നിനച്ചാൽ.
ഭൂവ്രമീഥുനങ്ങളുമതുപോൽ
കേൾവിയെഴും ശാസ്ത്രികളിക്കാർ
സംബന്ധിജനങ്ങളിവക്ക-
ത്തേവാരത്തകമേ വച്ചിഹ
ഹൃദ്യത കോലുന്ന വിധത്തിൽ
സദ്യ നടന്നിതു പൊടിപൊടിയായ്.
അതിനുടെ മേൽനോട്ടം കോയിൽ-
ക്ഷിതിപതി മാനേജരതാകും
മതിമാനൊരു കുറവു വരാതെ
ചതുരതയോടത്ര വഹിച്ചു.
നെയ്യാററിങ്കരയിൽ തഹശീൽ-
ദാരായ മഹാദേവയ്യരു-
മന്തർമ്മോദം പൂണ്ടിവിടെ-
പ്പന്തിവിചാരത്തെ വഹിച്ചു.
തെക്കുവശത്തുള്ളൊരു പുരയതി-
ലുദ്യോഗസ്ഥന്മാർ പല പല
ജോലിക്കാർ വനിതകളിവരുടെ
ചേലൊക്കും സദ്യനടന്നു.
കല്പാഴംമുതൽപേരിതിനെയ-
നല്പായാസം നിറവേററി.
മഞ്ജുളവിഭവത്തൊടു മാനസ-
രഞ്ജനമായ് കൊഞ്ചറവിളയിൽ
കുഞ്ഞിപ്പുരയതിലിഹ ധർമ്മ-
ക്കഞ്ഞിയൊഴിപ്പുണ്ടു നടന്നു.
കമ്മട്ടം സൂപ്രണ്ടാകും
മാതേവൻപിളള മഹാത്മാ
നന്മട്ടായ് നാലു ദിനത്തിലു-
മിതിനെ നടത്തിച്ചു വിശേഷാൽ.

(മട്ടുമാറി)

അഗ്രശാലയതിലനുദിനമിങ്ങു സ-
മഗ്രമായ വിഭവങ്ങളൊടേററം

അഗ്രജന്മനികരത്തിനു ഭോജന-
മുഗ്രമായി വഴിപോലെ നടന്നു.
ആദ്യവാസരേ വിജയവിലാസസ-
മാഖ്യമായ കൊട്ടാരത്തിങ്കൽ
സകലജാതിയിലുമുള്ള ജനത്തിനു
സദ്യ ഹൃദ്യതരമായി നടന്നു.
ചേണെഴുന്ന വിധമിവയുടെ മേല-
ന്വേഷണം നിപുണമതിയായീടും
താണുവയ്യരാം ബി ഏ തഹശീൽ-
ദാരമന്ദതരമായ് നിറവേററി.
ധർമ്മരാജ്യമാണിതു പുനരധികം
ധർമ്മശീലനാണവനീപതിയും
കർമ്മസചിവരും ബഹുനിപുണന്മാ-
രിമ്മഹത്വമെഴുമിവിടെ നടന്നൊരു
സദ്യതന്നുടയ വിഭവഗണങ്ങളെ
വിസ്തരിച്ചു പറയാതെ സമസ്തം
ഉള്ളിലോർത്തുകൊള്ളുന്നതിനായി-
ത്തള്ളിടുന്നതാണേററവുമുചിതം.
സദ്യയിങ്കലിഹ ചേരാതുള്ള ജ-
നത്തിനായ് സ്വയംപാകം ചെയ്വാൻ
അത്ര വേണ്ടവിധമായരികോപ്പുകൾ
കുത്രചിൽ പരിചൊടേകീടുന്നു.
ഛത്മഹീനനായീടും സീ എസ്
പത്മനാഭനാമാവാം ശിതമതി
പിള്ളയത്ര മേലന്വേഷണമുൾ-
ക്കൊള്ളുമുന്മിഷിതമോടു വഹിച്ചു.
കോട്ടവാതിലുകൾ നാലിലുമേത്തും
കോട്ടമെന്നിയേയൊന്നാം ദിവസം
വിപ്രരാകിയ ജനങ്ങൾക്കെല്ലാം
ക്ഷിപ്രമിങ്ങു സവ്വാണി നടന്നു.
കല്യനാകിയൊരു പൈക്കിരി തിരുമം-
ഗല്യധാരണമുഹൂർത്തംതന്നിൽ
തുല്യഹീനമാം കുഴൽവായനയാൽ

നല്ല മോദമഖിലക്കും ചേൎത്തു.
അതു കഴിഞ്ഞഥ വിനോദം പലവക-
യതുലമായിഹ നടന്നീടുമ്പോൾ
വന്നു സന്ധ്യയൌപാസനഹോമവു-
മന്നു വേണ്ടവിധമായി നടന്നു.
ഏവമുള്ളൊരൌപാസനകൎമ്മമി-
തേഴനാളുമിരുസന്ധ്യകൾ തോറും
ഹവ്യവാഹനൻ വേറുപെടാതിഹ
നിൎവ്വഹിക്ക പതിവെന്നറിയേണം.
കൎമ്മമായതു നടന്നൊരു ശേഷം
നിൎമ്മലത്വമൊടു ദമ്പതിമാരവർ
ഉൽക്കുതുഹലമൊടേ 'ശയനത്തെവി-
രിക്കുകെ'ന്ന കൎമ്മത്തെ നടത്തി.

(മട്ടുമാറി)

സമ്മോദമിയന്നു പുരോഹിത-
നാമ്മേദിനിവാനവനപ്പോൾ
സംബന്ധിപ്പോററിജനത്തിനു
താംബൂലം തളികയിൽ നൽകി.
അയണിയമൂത്തന്നു കഴിഞ്ഞു നി-
രാഹാരന്മാരായ് മരുവും
അവനീപതിദമ്പതിമാരുട-
നമൃതേത്തു കഴിച്ചു വസിച്ചാർ.
ഉടനേയശ്ശാസ്ത്രികളിക്കാ-
രുടെ ഭോജനമാരംഭിച്ചു.
പടുതയെഴും പലകോലാഹല-
ഘടനയിതിൽ കൊണ്ടുപിടിച്ചു.
മംഗലവാദ്യാവലി, ഭോജ്യഗ-
ണങ്ങടെ നാമാവലി, ഹുംകൃതി-
തുംഗധ്വനി പലതിവ ഫലിതവി-
ധങ്ങൾ കലൎന്നിങ്ങു മുഴങ്ങി.
തുഷ്ടിയൊടേയഷ്ടി കഴിഞ്ഞഥ
പെട്ടെന്നവർ പോയ് നിജവേഷം.

കെട്ടിയണിഞ്ഞൊട്ടധികം തീ-
വെട്ടികളും ദീപവുമായി
പുഷ്ടാഡംബരമിഹ ചെണ്ടകൾ
കൊട്ടിയുടൻ വരവു തുടങ്ങി.
നരപാലകനുടവാളേന്തീ-
ട്ടരമവരെച്ചെന്നെതിരേററു.
ഉരുകോലാഹലമോടവരും
പുരവരമതിനുള്ളിലണഞ്ഞാർ.
മികവേറിടുമിതിനെ "കൊട്ടി-
ച്ചകമേറുക" യെന്നരുളുന്നു.
തെളിവോടവർ മദ്ധ്യേ പാരം
തെളിയുന്ന വിളക്കിനു ചുററി-
ക്കളി പലതും ഹന്ത! കളിച്ചാർ.
പൊളിയല്ലതു നല്ല വിനോദം.

(മട്ടുമാറി)

പടയാളികളുടെ വേഷമണിഞ്ഞുൽ-
ഭടമാം വാളും പരിചയുമേന്തി
വടിവോടിവർ കളിയാടുന്നതു, മ-
"ച്ചടവെട്ടിക്കണ്ടപ്പൻ" നായർ-
ക്കുടയൊരു ദേശത്തനുമതിയെന്യേ
കടുതരമായിച്ചെണ്ട മുഴക്കിയ
കൊടിയൊരു കുററത്തിനു നംപൂരി-
പ്പടകളെയുടനേ ചെന്നു പിടിച്ചു
പ്രായശ്ചിത്തം ചെയ്യിപ്പതുമതി-
യായ രസം തരുമായതുമല്ലാ
മുന്നം മലയാളത്തിൽ ബ്രാഹ്മണർ
വന്നൊരു കാലം പലരൊടുമിവിടെ-
പ്പടയാടുന്നതിന്നിടയായെന്നും,
തടയാതന്നീ നായർസമൂഹം
അധിപതിമാരായ് വാണെന്നുള്ളതു-
മിതിൽ നിന്നിങ്ങു നമുക്കൂഹിക്കാം.
മട്ടോലുംമൊഴി വധുവിന്നഥ മിഴി

വെട്ടേല്പും പിണി തീരുവതിന്നായ്
തർട്ടോല്ഴിയുമവരവിടെയുഴിഞ്ഞി
മട്ടാ ലീലയുമവസാനിച്ചു.

(മട്ടമാററി)

ഭൂപവംശജന്മാരഥ കോയിൽ-
ഭൂപവംശജന്മാർ നംപൂരികൾ
തമ്പിമാർകളഭ്രപ്രഭുജനസംഹതി
വൻപു തേട്ടമുദ്യോഗസ്ഥന്മാർ
ഏവമുള്ളവരശേഷം പ്രമുദിത-
ഭാവമാർന്നിഹ കളിച്ച ധരിത്രീ-
ദേവസഞ്ചയത്തിനു നല്പട്ടുകൾ
സാവധാനമായ് സമ്മാനിച്ചു.

(മട്ടമാററി)

തഞ്ചാവൂരതിൽ നിന്നു വരുത്തിയ
മാഞ്ചേൽമിഴിമാർ ദാസികളപ്പോൾ
തേഞ്ചോരും മൃദുഗാനമൊടൊത്തു ര-
സാഞ്ചിതനർത്തനമാരംഭിച്ചു.
വാമാക്ഷീമണിയൊരുവൾ സരസ്വതി
കാമാക്ഷീനാമികയാളപരാ.
നൃത്തവിലാസം കൊണ്ടവർ കൌതുക-
നൃത്തം രസികമനസ്സിനു നൽകി.
സരസമുടൻ പ്രമദം ബുധലോക-
ക്കരുള്ളം കഥകളിയാരംഭിച്ചു.
നരവരഭൂസുരനിരകൾ വിളക്കി-
ന്നരികിലണഞ്ഞു രസിച്ചു വസിച്ചു.
തിരുവില്വാമലയിൽ കൃഷ്ണയ്യൻ,
പുരുഷോത്തമനെന്നിവരുടെ ഗാനം
തിരിവില്ലാത്ത ജനത്തിനു പോലും
പരമുല്ലാസം ചേർത്തു മനസ്സിൽ.

(മട്ടമാററി)

പാല്പതിന്നു ചൊല്ലാന്നു കരിപ്പുഴ
വേല്പവെന്ന വിശ്രുതനടമണിയും,

ച്ചെലെഴുന്നൊരഭിനയകൌശലമതി-
നാലമന്ദമിഹ ദിശിദിശി പാരം
മഞ്ജുകീൎത്തി കലരും തിരുവല്ലാ-
ക്കുഞ്ഞുവിളളയും, മഹിതയശോഭര-
മാല കൊണ്ടു ദിക്കണിയും തകഴിയിൽ
നീലകണ്ഠനാമാവാം നടനും,
തൻകരസ്ഥമാം വൈദൂഷ്യ കൊണ്ടു വി-
ശങ്കനൈപുണമൊടതിസാരസ്യം
തങ്കിടുന്ന നടനാം തകഴിയതിൽ
ശങ്കരാഹ്വയൻ പോററിയും, മബലാ-
വേഷധാരി തുറവൂർ മാധവനും
ശേഷമുളള നടരും വഴിപോൽ നിജ-
വേഷലാസ്യഭംഗികളാലേററം
തോഷഭാരമഖിലൎക്കും നൽകി.
ചെണ്ടയിങ്കലതിയാകിയ വൈദുഷ്യ
പൂണ്ടിടുന്ന ഹരിഗീതപുരത്തിലെ
മാധവാഖ്യനും നിജചാതുരിയാൽ
മോദമാൎക്കുമിഹ നൽകി വിശേഷാൽ.
ഏഴ രാത്രിയിലുമേവം കഥകളി-
യായ ചന്ദ്രിക പരന്നതു മൂലം
കോഴ പൂണ്ടു നിദ്രാതിമിരാവലി
ഭീയൊടെവിടെയോ മണ്ടിയൊളിച്ചു.
ധാടിയുളള ദീപാവലിഭാസ്സര-
കോടിയുളളിൽ വിലസുന്നതുമൂലം
പേടി പൂണ്ട തിമിരൌഘം പണ്ടേ-
യോടിമണ്ടിയതു ചൊൽവാനുണ്ടോ?

(മട്ടുമാറി)

തുഷ്ടാശയരായങ്ങു വടക്കേ-
ക്കൊട്ടാരത്തിൽ വസിച്ചീടുന്നൊരു
നരപതിവംശക്കാർ നിരീക്ഷി-
ച്ചരുളുവതിന്നായവിടെയുമേവം
കഥകളി മററൊരു സംഘക്കാരതി

ചതുരതയോടു നടത്തീടുന്നു.
ഒന്നാകും നാളിങ്ങനെ തീൎന്നഥ
വന്നൊരു രണ്ടാം ദിനമാകട്ടേ.
തങ്ങടെ തങ്ങടെ വിദ്യകൾ കാട്ടാ-
നിങ്ങവസരമതു കിട്ടീടാഞ്ഞു പ-
രുങ്ങും വിദ്വാന്മാരുടെ യാശാ-
ഭംഗമഹോ! ദയനീയം തന്നെ.
അഞ്ചു മണിക്കു തുടങ്ങും മധുരിമ
തഞ്ചും നാഗസ്വരവായനകൾ.
മുൻചൊന്നുള്ളവരഹമഹമികയോ-
ടഞ്ചിതചാതുരിയവിടെക്കാട്ടും.
മണിയെട്ടായാലഥ തിരുവല്ലാ-
ഗ്ഗോവിന്ദാഹ്വയനായ പണിക്കരു-
മണയും പരിവാരങ്ങളുമുടനേ
ഞാണിന്മേൽകളിയാരംഭിക്കും.
കമ്പിക്കളി പല ദേഹാഭ്യാസം
കമ്പത്തിൽക്കളിയായുധവേലകൾ
പിടലിത്തുക്കം വീപ്പയുരുട്ടുക
വടിവോട്ടഞ്ഞോലിന്മേൽ മറിയുക
ഉണ്ടയുരുട്ടുക പാറാവളയ-
ക്കുണ്ടിൽ ചാടുക പരിചൊടു ഹന്ത! വ-
രമ്പു ചുരുട്ടീട്ടുള്ളിൽക്കൂടി-
ക്കമ്പം വിട്ടഥ ചാടുകയേവം
അമ്പമ്പോ!പല വിദ്യകളിഹ തിരു-
മുൻപിൽ വിശേഷിച്ചവർ കാണിച്ചു.
ചൊൽക്കൊള്ളും ഹരിഗീതപുരത്തിൽവ-
സിക്കും പാറുവഹോ! മുള്ളുകളിൽ
ചക്രഭ്രമണം ചെയ്യതു കാൺകിലെ-
വൎക്കും വിസ്മയമുള്ളിലുദിക്കും.
ഒട്ടും ക്രമസൽ കലൎന്നീടാതിഹ
വെട്ടും ചാട്ടം മുതലായവയും
കാട്ടിയ കിട്ടൻ തന്നുടെ ചാതുരി

നാട്ടാരെല്ലാം കൊണ്ടാടുന്നു.
ലക്ഷ്മികുട്ടിയുമാൽവാക്കഞ്ചിയു-
മക്ഷീണം പല വിദ്യകൾ കാട്ടി.
തിരുവല്ലായുടെയഭ്യാസത്തിൻ-
തരമെല്ലാമിഹ വിശ്രുതമല്ലോ.
ഒൻപതു മണിയായീടും നേരം
വൻപിയലുന്നൊരു തുള്ളൽ തുടങ്ങും.
ഇമ്പമശേഷജനത്തിനുമിങ്ങു ത-
രിമ്പും കുറവു വരാതെ കൊടുക്കുമൊ-
രാറൻമുളയിൽ കേശവനാമാ-
വായ പണിക്കരു തുള്ളിയ നേരം
“കഷ്ടം! നമ്മുടെ കുഞ്ചൻനമ്പ്യാർ,
പുഷ്ടിയൊടേ താൻ കെട്ടിയിണക്കിയ
പാട്ടുകളിങ്ങനെ വഴിപോൽ ചൊല്ലി.
ശ്രേഷ്ഠതയോടേ തുള്ളീടുന്നതു
കണ്ടു കൃതാൎത്ഥതയുള്ളിലനല്പം
പൂണ്ടീടുന്നതിന്നിടയാകാതെ
അണ്ടർപുരത്തിൽ പോയല്ലോ”യെ-
ന്നുണ്ടായുള്ളിലെനിക്കു വിഷാദം.
മണി പതിനൊന്നായീടും നേര-
ത്തണയും ചെണ്ടക്കാരിഹ സരസം.
കീൎത്തി കലൎന്ന മുകത്തലെയുള്ള സ-
മൎത്ഥത കോലും പരമുപണിക്കൻ-
മുതലായുള്ളവർ നിജനിജനൈപുണ്യ-
മതിയായിവിടെക്കാട്ടീടുന്നു.
പന്ത്രണ്ടായ് മണിയെന്നാലുടനേ
പന്തലിലെത്തും മേളത്തോടേ
നാഗരുകോവിലിൽ നിന്നും മററുമി-
ഹാഗതരാകിയ ദാസീവൎഗ്ഗം.
അവരുടെ രാഗോജ്ജ്വലമാം പാട്ടും
നവനവനാട്യത്തിൻെറ പകിട്ടും
തകിലുകൾ കൊട്ടും വഴിയിൽ നകട്ടും

മിഴിയുടെ വെട്ടും മുടിയുടെ കെട്ടും
ചെറിയൊരു പൊട്ടും ചേൎന്ന വിരട്ടും
ചില ചില മട്ടും ഹന്ത! വിശിഷ്ടം.
അപ്പടി മണി രണ്ടായീടുമ്പോൾ
ചെപ്പടിവിദ്യകളിങ്ങു തുടങ്ങും.
പാടവമോടേ ഭൂദേവന്മാർ
പാഠകമുടനേ പറയുകയായി-
മൂന്നാകും മണിയായാലുടനേ
പിന്നെയുമുണ്ടാമോട്ടം തുള്ളൽ.
തലവടിയിലെ രാമാഹ്വയനാകും
തരുണതയാൎന്ന പണിക്കർ തുടങ്ങിയ
പല വിരുതന്മാർ തുള്ളക്കാരിഹ
നലമൊടു തുള്ളൽ നടത്തീടുന്നു.
മണി നാലായാലുടനേ പാരം
ഗുണമേറും നാഗസ്വരവായന-
യൊരു ദിശി കേൾക്കാം, പുല്ലാംകുഴലിൻ-
സ്വരമാധുൎയ്യവിശേഷമനന്തര-
മൊരു ദിശി, യുടനേ മറെറാരു ദിക്കിൽ
സരസം ചെണ്ടക്കൊട്ടുകൾ കേൾക്കാം.
കോട്ടപ്പുറമതിൽ രാമാഹ്വയനുടെ
കോട്ടമകന്നൊരു ഞാണിന്മേൽകളി
കണ്ടു രസിക്കാമൊരു ദിശി, യകമേ-
യുണ്ടാം തിരുവല്ലായുടെ കളിയും.
അഞ്ചു മണിക്കിഹ കേട്ടു രസിക്കാ—
മഞ്ചിതമാകിയ ബാൻഡിൻനിനദം.
ഭാഗവതന്മാർ സായം സരസം
ഭജനം ചെയ്തു ഭക്ത്യാ കേൾക്കാം.
ദുരിതവിനാശം ചെയ്തീടുംപടി
ഹരികഥ മറെറാരു ഭാഗേ കേൾക്കാം.
ഉടനേ മണിയേഴായീടുമ്പോൾ
പടുതയെഴും സൎക്കസ്സുകൾ കാണാം.
ഇരുസംഘക്കാരവിടെയുമുണ്ടി-

32D
97741
032;1M71
D6

ങ്ങുരുതരനൈപുണി കാട്ടീടുന്നു.
മോടി കലൎന്നൊരു വിധമമ്മാനക-
ളാടീടുന്നൊരിടത്തിഹ, കുതുക-
ക്കോളേറീട്ടും മട്ടിലിണങ്ങിയ
വാളേർ കാണാം മറെറാരു ദിക്കിൽ.
ഒൻപതു മണി മുതൽ പന്ത്രണ്ടു വരെ-
സ്സുൻപേറീടിന തഞ്ചാവൂരിൽ
ദാസികളുടെയകോമളനാട്യം
ഭാസിക്കുന്നതു കണ്ടു രസിക്കാം.
ഇരുട്ടു കലൎന്നീടുന്നൊരു വല്ലീ-
നാടകമപ്പോൾ പുറമേ കാണാം.
കഥകളി പത്തു മണിക്കു തുടങ്ങീ-
ട്ടാറു മണിക്കവസാനിക്കുന്നു.
കേളി കലൎന്ന ചടങ്ങുകളേഴാം
നാളു വരെയ്ക്കുമിവണ്ണം തന്നെ.
കണ്ടുകൃഷിത്തഹശീൽദാരാകും
കെ. ഗോവിന്ദപ്പിള്ള ശുഭാത്മാ
കൊണ്ടുപിടിച്ചുത്സാഹം ചെയ്തിഹ
കണ്ടവർ കൊണ്ടാടുന്ന വിധത്തിൽ
ഭംഗിയിലോരോ നിയമം ചെയ്തൊരു
ഭംഗവുമിങ്ങു ഭവിച്ചീടാതെ
രംഗവിധാനമശേഷം കാന്തിത-
രംഗിതമാക്കി നടത്തിയമന്ദം.
പന്തൽ നിരീക്ഷിക്കുന്നതിനായി-
സ്സന്തതമകമേ പല ജനസംഹതി-
യുന്തിത്തള്ളിവരുന്നൊരു ലഹളക-
ളെന്തു പറഞ്ഞറിയിച്ചീടേണ്ടു!
പത്രത്തിന്നെഴുതുന്നതിനായ് ചില-
രത്ര കടന്നു നടന്നു വിശേഷം
സത്വരമീക്ഷിച്ചോരോന്നായി-
ച്ചിത്തരസേന കുറിച്ചീടുന്നു.
ഛായാഗ്രാഹകരായ ജനങ്ങളു-

മായാസങ്ങൾ ഗണിക്കാതെത്തി
ശ്രീയാൽ വിലസും പന്തലിന്നുടെ നൽ
ഛായാഗ്രഹണം ചെയ്തീടുന്നു.
നേരം പോക്കായുത്സവമൊന്നിഹ
വാദ്ധ്യന്മാർ വഴിപോലെ നടത്തി.
അതിനുടെ കൊടിയേററിന്നേട്ടിനമാ-
ണതിനാലിനിയതു ചൊല്ലാമല്ലം.

(മട്ടുമാറി)

അവ്വ ദേശത്തെ മികവേറുന്ന പോററിമാരും
വാദ്ധ്യന്മാരുമുത്സവകാൎയ്യം നടത്തുവാനായ്-
ക്കൊണ്ടു കൊടിമരത്തെക്കൊണ്ടുവരുവാൻ നട-
കൊണ്ടു കോലാഹലേന രണ്ടു മണിക്കു മേലിൽ.
രണ്ടു വാദ്ധ്യന്മാർ മദമാണ്ടു വെളിച്ചപ്പെട്ടു-
കൊണ്ടു പുരോഭാഗത്തിൽ മണ്ടി പാരക്കോല്യമായ്.
വെട്ടെന്നു ചെന്നു കുററിക്കാട്ടെന്ന ഭവനത്തിൽ
പുഷ്ടിയേറും കമുകു തൊട്ടു വണങ്ങിയതിൻ
ചോട്ടിൽ വലത്തുവച്ചു വാട്ടം കൂടാതിരുമ്പു
തൊട്ടീടാതെ കുഴിച്ചു തുഷ്ട്യാ പുഴുതു ഭുവി-
ലൊട്ടും തൊടാതെ കൂസൽ വിട്ടു വഹിച്ചു പുറ-
പ്പെട്ടു വന്നുടനാനക്കൊട്ടിൽതന്നുടെ മുൻപിൽ
നട്ടു ഭൂഷണജാലമിട്ടു രസിച്ചിടുന്ന
മട്ടിൽ കൊടിയുമതിൽ കെട്ടി വലിച്ചുയൎത്തി.

(മട്ടുമാറി)

അഥ മണി നാലായീടുമ്പോ-
ളതിഗൌരവശാലികളായൊരു
മതിമാന്മാരാം ധീരമാരി-
ങ്ങതികുതുകാൽ വന്നു കരേറി.
റെസിഡെൻറാർ സീ. സീ. കാറുമ-
സിസ്റ്റൻറാകും റെസിഡെൻറ-
ക്കാപ്ടൻ ഹെന്നിംഗ്ഗ്,കമാൻഡിങ്ങ്-
ഗാഫീസരു കൎണ്ണൽ ഡാസൻ
മുതലായ ജനങ്ങളുമവരുടെ

മതിമുഖിമാർ വല്ലഭമാരും
ചതുരാഡംബരമൊട്ടു വന്നതു
കുതുകത്തെ വളർത്തിയെവർക്കും.
വഞ്ചീശപരനുടനേയോമൽ-
പ്പുഞ്ചിരി ചിതറീട്ടും മുഖമോ-
ടഞ്ചിതഹസ്സാപ്പ്ണപൂർവ്വമു-
ദഞ്ചദ്രസമായെതിരേററി-
ട്ടവരെ യഥാവിധി മാനിച്ചിഹ
നവരുചിരാസനമോരോന്നില്ല-
മവികലമോദത്തോടിരുത്തി-
ട്ടതിലൊന്നിൽ താനുമിരുന്നു.
കുശലങ്ങളെയൻപിലുരച്ചും
വിശദസ്മിതകാന്തി ലസിച്ചും
പുരയുടെ രുചി കണ്ടു രസിച്ചും
പുരുസുഖമൊട്ടു വാണീട്ടുമ്പോൾ,

(മട്ടുമാറി)

സോമകോമളയശോനിധിയാകും
രാമചന്ദ്രനാമാവാം നിപുണൻ
കേമനാം മഹാദേവാഹ്വയനീ
ഭൂമിദേവഭാഗവതന്മാരിഹ
ചേണിയന്ന മധുരസ്വരമോടേ
വീണ ഫിഡ്ഡിലിതുകളെ വായിച്ചഥ
മാനസത്തിൽ വലുതാകിയ കൗതുകം
പ്പൂണസത്തമജനത്തിനു നൽകി.

(മട്ടുമാറി)

സമ്മോദം പൂണ്ടവരെ മഹീപതി
താംബൂലാദികൾ കൊണ്ടഥ വഴിപോൽ
സമ്മാനിച്ചുടനാദരപൂർവ്വം
ചെമ്മേ യാത്രയുമരുളിച്ചെയ്തു.
ഇതുകളിലെല്ലാം കേരളവർമ്മ-
ക്ഷിതിപതിയായീടുന്ന മഹാമതി-
യതികുതുകത്തൊടു സഹകരണം ചെ-

ശ്ലുത്തുമിഹ പാരം പരിശോഭിച്ചു.
ഫ്ലുണാധിപഗമനാഗമനങ്ങളി-
ലാനന്ദപ്രദമാകിയ ബാൻഡും
ചേണാൎന്നീടിന സേനാതതി ബഹു-
മാനാവഹമായത്ര മുഴക്കി.
ഇങ്ങനെ ഫ്ലുണാഗമനവിശേഷം
ഭംഗി കലൎന്നു നടന്നൊരുശേഷം
ഇങ്ങു നടന്നോ“രപ്പംപൊലിവി”ൻ-
സംഗതിയിനിയുര ചെയ്യാമല്ലും.

(മട്ടുമാറി)

ഇമ്മഹാവിവാഹത്തിനു പാരം
നന്മയോടിഹ പൊലിപ്പതിനുള്ളോ-
രമ്മവീട്ടുകാരുടെ പലഹാരഗ-
ണങ്ങളാൎന്നു വലുതായ കിടാരം
ചേലൊടരുപതും രണ്ടും, മണിയഥ
നാലു ചേൎന്നു മൂന്നായൊരു നേരം
ചാലവേ മുരഹരാലയനാടക-
ശാലതന്നുടെ മുകപ്പിലണഞ്ഞു.
രണ്ടു ഭാഗവും നല്ല പഴക്കുല-
യാണ്ടു ഭംഗിയിൽ നടുക്കു കിടാരം
പൂണ്ട തണ്ടുകളെയൻപിൽ വഹിച്ചും-
കൊണ്ടു വിപ്രരഥ യാത്ര തുടങ്ങി.
രണ്ടു പാശ്വമതിലും തീവെട്ടിക-
ളുണ്ടു വേണ്ടവിധമായ് വിലസുന്നു.
കണ്ടിടുന്നു തീക്കളികളുമിങ്ങക-
തണ്ടിൽ മോദമുളവാകുംവണ്ണം.
മുൻപിലുണ്ടു ബഹുമാന്യന്മാരാം
തമ്പിമാരതിനു പിറകിൽ വധുക്കൾ.
വൻപിയന്ന വാദ്യധ്വനിയും പല-
തിമ്പമേറുമാറിഹ കേൾക്കുന്നു.
ഭടജനങ്ങളിരുപുറവും പാരം
നെടിയ പങ്ക്തിയായ് നടകൊള്ളുന്നു.

അരിയ ഘോഷമൊടിവണ്ണം തെക്കേ-
ത്തെരുവുമാൎഗ്ഗമായ് ത്തേവാരത്തിൽ
വന്നുചേൎന്നു നടപന്തലിൽ മോദമി-
യന്നിട്ടംവിധം വാതിൽത്തുറപ്പാ-
ട്ടുന്നു ചൊല്ലിയഥ വാതിൽ തുറപ്പി-
ച്ചുന്നതാഭയോടുള്ളിലണഞ്ഞു.
ഈരടെഴുന്ന വഞ്ചിപ്പുഴയാദിക-
ളോടു ചെന്നഥ പുരോഹിതവിപ്രൻ
അപ്പമേററിടുവതിന്നനുവാദം
കെല്പിൽ വാങ്ങി വിധിപോലെയതേററു.

(മട്ടുമാറി)

പത്തു മണിക്കഥ പരിചിൽ കെട്ടിന-
കത്തു വിളങ്ങുമൊരാട്ടവിളക്കിനു
നാലു വശത്തും വാദ്ധ്യജനോത്സവ-
കോലാഹലമിങ്ങാരംഭിച്ചു.
മുൻപേ വന്നൊരു പിള്ള പടിത്തര-
മിമ്പമൊടിഹ വായിച്ചാനേവം:—
"വൻപേറും മാൻകൊമ്പിലെഴുത്സവ-
മൻപു കലൎന്നു നടത്തുവതിന്നായ്
ഊക്കേറീടും തന്ത്രിയെ വിരവിൽ
ത്തൂക്കിലിടാനുള്ളൊരു കമുകൊന്ന്:
കുത്തിയുരുട്ടാനാമപ്പലകക-
ളിത്തിരിയല്ലഞ്ഞൂറു കഴഞ്ച്:
ഇണ്ടലകന്നു കരേറിയിരിപ്പാൻ
കിണ്ടികൾ രണ്ടായിരമാവശ്യം:
മത്തഗജങ്ങടെ മസ്തകമണിവാൻ
മത്തൻകാ തൊണ്ണൂററിപ്പത്ത്:"
ഇങ്ങനെയോരോ ഫലിതവിലാസം
തിങ്ങിന വായന തീൎന്നൊരു നേരം
അവരിലൊരാളെത്തന്ത്രിയതാക്കി-
ട്ടവരൊരു തണ്ടിൽ കെട്ടിയെടുത്തു
അവികലകോലാഹലമൊടു കൊണ്ടു-

നവിടെയിറക്കിയമന്ദോത്സാഹം.
കോലം പല വിധമെഴുതിയ കമുകിൻ-
പാളകൾ വദനത്തിങ്കൽ ചേർത്തു
ചാതുരിപെരുകിടുമേതാനും പേർ
ഭൂതഗണത്തിൻവേഷമണിഞ്ഞു
വായും ഹന്ത! പൊളിച്ചു രസാവഹ-
മായിട്ടമാകൃതിയോടിഹ ചുററും
മേവീടുമ്പോളവല്യ നനച്ചതു
തുവുന്നതിനായ് തന്ത്രി തുടങ്ങി.
ആവും മട്ടിൽ പാവം പല കുറി
തുവിയതഥ മതിയാവാഞ്ഞുടനേ
ഏററം കോപമിയന്നൊരു ഭൂത-
ക്കൂററന്മാരെഴുന്നേററിഹ തന്ത്രി-
പ്പോററിയെയധികം ചീററത്തൊടു കര-
മേററിയെടുത്തു തിരിച്ചു മറഞ്ഞു.
അവരുടെയുത്സവഡംബരമിങ്ങനെ-
യവികലമഞ്ചാം നാൾവരെയുണ്ടാം.
പതിവായീടിന കാഴ്ചകളോടൊ-
ത്തതിരസമന്നു കഴിഞ്ഞിതു നിശയും.

(മട്ടുമാറി.)

മൂന്നായിടുന്ന ശുഭമാം നാളിൽ 'നാല്പാദ'-
മെന്നാഖ്യയുള്ള ക്രിയ നന്നായ് നടത്തിയൊരു
പേരാന്ന ശാസ്ത്രകളിക്കാരായ പോററിമാരെ-
യാരാൽ വലത്തുവച്ചു ധീരാശയൻ നൃപതി
മെച്ചം ധനങ്ങൾ 'കെട്ടിവച്ചു നമസ്കൃതി'യു-
മിഷ്ടാനുകൂലമതിസന്തുഷ്ടാശയൻ നടത്തി.
ചൊൽക്കൊള്ളുമമ്മവീട്ടുകാർക്കിന്നു സദ്യ പുന-
രുൽകൃഷ്ടവിഭവങ്ങളൊക്കുംപടി നടന്നു.
അന്നു നിശയിൽ മണിയേഴായ സമയത്തിൽ
മുന്നമുരച്ച ഘോഷവൃന്ദമോടൊത്തു തന്നെ
കെല്പേറിടും സംബന്ധിപ്പോററിജനങ്ങളുടെ-
'യപ്പം പൊലിവു'മതിശില്പമായിക്കഴിഞ്ഞു.

വാട്ടമകന്നു വളളപ്പാട്ടും തകൎത്തു പിന്നെ-
ക്കൂട്ടമായവർ വന്നു കെട്ടിനകത്തു കേറി
ഉളളാട്ടമഖിലൎക്കുമുണ്ടായിടുന്ന മട്ടിൽ
'വെളളാട്ട'മെന്നു നാമമുളള കളി നടത്തി-
ശ്ശ്ലാഘ്യമായിഹ ബാലിസുഗ്രീവനാട്യങ്ങളും
ചാക്യാരുടയ കൂത്തിന്നുളള ചടങ്ങുകളും
യോഗ്യന്മാരവർ കാണിച്ചുളളിൽ മോദമഖില-
ന്മാൎക്കും വളൎത്തിയൊരു നീക്കം വരാതെ തന്നെ.

(മട്ടുമാറി)

മുടക്കമെന്ന്യേയിങ്ങനെ പല വക
നടക്കവേയിഹ നാലാം നാളിൻ-
തുടക്കമതിൽ മഹനീയം 'ശയനം
മടക്ക'കെന്നൊരു വിധി നിറവേററി
മഹീശദമ്പതിമാരവർ വാപിയി-
ലഹീനമോദം പൂണ്ടു ഗമിച്ചു
സുഖേന നീരാട്ടങ്ങു കഴിച്ചി-
ട്ടഖേദമത്ര തിരിച്ചെഴുനളളി.
നിരന്ന സേനകളിരുപുറ,മകമേ
പരന്ന പരിജനമിവയുടെ മദ്ധ്യേ,
ച്ചുരന്നിടുന്നൊരു തേൻമാവിൻമലർ-
മരന്ദതല്ലജമാൎത്തിയൊടെത്തി-
ത്തരന്നിരീക്ഷിച്ച്'ല്ലം മാധുരി
തരുന്നതിനു കൃപ ചെയ്യണമേ'യെ-
ന്നിരന്നിടും മൊഴിയാന്നൊരു ധരണീ-
പുരന്ദരൻതൻമരുമകളോമൽ-
ക്കുരുന്നുകാൽ വച്ചങ്ങനെ മന്ദം
വരുന്ന വരവാൽ തങ്ങടെ കണ്ണിനു
വിരുന്നു നൽകാനിടയാകാത്തവ-
രിരുന്നിടുന്നതു നിഷ്ഫലമത്രേ.
പിണങ്ങിടാതെ മനോഭവനും തല
കുണുങ്ങി വന്നു പദാംബുജയുഗളം
വണങ്ങിടുംപടി വാഴ്ത്തും സുഷമാ-

ഗുണങ്ങളാലീ വധുവിനു വഴിപോ-
ലിണങ്ങിയുള്ളൊരു വരനും ബാന്ധവ-
ഗണങ്ങളാലനുഗതനായ് ജനതേ-
ക്ഷണങ്ങൾ തെളിയുംപടി വന്നോര-
ക്ഷണങ്ങളധികം മഹനീയങ്ങൾ.

(മട്ടുമാറി)

അന്നു പത്തര മണിക്കു നൃപാലക-
വൃന്ദമിങ്ങു നിജഭുക്തി കഴിഞ്ഞു
ചന്ദനം ഹിമജലം കളഭാദിക-
ളുന്നതാഭയൊടണിഞ്ഞു തെളിഞ്ഞു
വന്നു പന്തലിനകത്തു രസത്തൊടി-
രുന്ന നേരമഥ ഭാഗവതന്മാർ
ചേർന്നു ചേലൊടു നടത്തിയ സദിരില-
മന്ദമോദമഖിലർക്കുമുദിച്ചു.
ഇമ്പമുള്ള സപ്തസ്വരനിരതൻ-
കമ്പനം ഭ്രമണവും സവിളംബം
സംപ്രവാഹമെന്നിവയും ശ്രുതിയുടെ
സംപ്രദായഭേദങ്ങളുമതുപോൽ
പൂർണ്ണരാഗതതിയും പുനരവയിലു-
ദീർണ്ണമായ ജന്യങ്ങടെ ഗതിയും
വർണ്ണ്യമായ [illegible]താളങ്ങടെ വിധവും
പൂർണ്ണമായ്ഴി[illegible]ൽ വശമാക്കിയ
മുന്നമോതിയൊരു ഭാഗവതന്മാർ
പിന്നെയിങ്ങു പരമേശ്വരനാമാ
രാമകൃഷ്ണനാമാവഥ രാമ—
സ്വാമിഭാഗവതർ മുതലായുള്ളവർ
വീണ ഫിഡ്‌ഡിൽ മുതലായവയൊടു പല
ഗാനമങ്ങനെ നകട്ടിയഹോ! ജന-
മാനസത്തെയതിവിസ്മയമാകുമ-
മാനസിന്ധുവതിൽ നീരാടിച്ചു.
ളയാം നടമണിയിവിടെയ-
ത്തു! ഗോസായിയതായി

MUL
097741

വഞ്ചമെന്നിയേ ഹിന്തുസ്ഥാനിവ-
റഞ്ഞു കാണികളെയൊക്കെയിളക്കി.

(മട്ടമാറി)

ഓരോ വിനോദമിപ്രകാരം നടക്കുകയാൽ
നേരം കഴിഞ്ഞ കഥയാരും ഗ്രഹിച്ചതില്ല-
പാരാതെ മണി നാലു ചേരും വേളയിൽ 'മഞ്ഞൾ
നീരാട്ടുന്നതി'നുള്ളൊരാരംഭമായി പിന്നെ.

(മട്ടമാറി)

കെട്ടിനകത്തഥ വാർപ്പുകൾ ചെമ്പുകൾ
കുട്ടകമിതുകളിൽ മഞ്ഞൾ കലക്കി
ധാരാളം ജലമധികമനോജ്ഞം
നീരാടാനിഹ തയ്യാറാക്കി.
വഞ്ചിപ്പുഴയാം ശ്രീമാനുടനേ
മഞ്ഞൾ കലക്കിയ വെള്ളമൊരല്പം
ഉള്ളിൽ കൊണ്ട കുതൂഹലമോടൊരു
വെള്ളക്കിണ്ടിയതിങ്കലെടുത്തു
ദമ്പതിമാരുടെ തിരുവുടലിൻമേ-
ലിമ്പമെഴുമ്പടിയങ്ങു തളിച്ചു.
പിന്നെ മഹീപതിതന്നുടെ തിരുമെയ്-
തന്നിലുമിളമുറവഞ്ചീശ്വരിയാൾ-
തന്നുടെ തിരുവുടലിങ്കലുമൊരുപോൽ
ധന്യാശയനുടനൊന്നു തളിച്ചു.
കണ്ടകഹരനാം നരപതി തൃക്കൈ-
കൊണ്ടു ജലത്തെയെടുത്തഥ സരസം
പണ്ടാരത്തിലെ വസ്ത്രത്തിലുമഴ-
കുണ്ടാകുംവിധമങ്ങനെ കേരള-
കോയിൽക്ഷിതിപതിവാസസ്സിലുമതി-
യായി ക്ഷിപ്രം ഹന്ത! തളിച്ചു.
മഞ്ജുളമായിപ്പുനരുണ്ടായൊരു
മഞ്ഞൾക്കളിയെന്തരുളീടേണ്ടു!
രാജസമൂഹം രാജസ്ത്രീനിര
പൂജിതരാകും ഭൂദേവന്മാർ

രാജവരാനുചരന്മാർ പുനരപി
രാജീവേക്ഷണമാരെന്നിങ്ങനെ
ചൊല്ലാനില്ലിഹ കൂടിയ ജനതതി-
യെല്ലാമൊരുപോൽ മഞ്ഞൾജലത്തിൻ-
കല്ലോലങ്ങളിൽ മുങ്ങിമറിഞ്ഞു-
ത്യുല്ലാസേന കളിച്ചുപുളച്ചു.
രാത്രിജലോത്സവലഹളകളേവം
രാത്രി തുടങ്ങും വരേ നിലനിന്നു.
രാത്രിയിലഥ നൽഭുക്തി കഴിഞ്ഞൊരു
മാത്രയിലതികോലാഹലമോടേ
ഗ്രാമജനങ്ങളുമങ്ങനെ വാഴ്-
ഗ്രാമണികളുമായ് ചെന്നിതിവേഗാൽ
പോയികൌതുകമോടു കരിപ്പു-
ക്കോയിക്കലിൽ നിന്നധികാഡംബര-
മോടികളാന്നൊരു വള്ളപ്പാട്ടും
പാടിക്കൊണ്ടിഹ കെട്ടിന്നകമേ
വന്നുട "നേഴാമത്തെക്കളിയും"
മാന്യതയേറും 'കൂട്ടപ്പാഠക'-
മെന്നതുമത്ര വസിച്ചീടുന്നവർ
നന്ദിക്കുന്ന വിധത്തിൽ നടത്തി.
എട്ടു മണിക്കിഹ പത്മവിലാസം-
കൊട്ടാരത്തിൽ ബ്രാഹ്മണരായോ-
രുദ്യോഗസ്ഥന്മാക്കെല്ലാക്കും
സദ്യ വിശേഷാലദ്യ നടന്നു.
ഇതിനുടെ മേലന്വേഷണമേററം
മതിമാനാകും രാജാരാമാ-
രായരുമതിനിപുണൻ പേഷ്കാർ മുത-
ലായവരും വഴിപോലെ വഹിച്ചു.

(മട്ടുമാറി)

ഇത്തരം പല വിശേഷഗണങ്ങളൊ-
ടൊത്തണഞ്ഞു പുനരഞ്ചാം ദിനവും.
ഇട്ടിനത്തിലിഹ പൈക്കിരിതന്നുടെ

ഹൃദ്യമായ നാഗസ്വരവായന
മൂലഭൂപനെഴുനള്ളിക്കേട്ടതി-
വേലസമ്മദമിയന്നു വിശേഷാൽ.
കുഞ്ഞുപിള്ള നടനൊരു പണ്ടാര-
ത്തിന്നെഴുന്ന വേഷത്തെയണിഞ്ഞു.
ഇന്നുമിങ്ങു പല വിദ്യകൾ കാട്ടിയ-
തിന്നുദാരമതിയാകിയ നമ്മുടെ
വഞ്ചിരാജ്ഞിയാളൊരു പട്ടക്കര-
യഞ്ചിതാദരം സമ്മാനിച്ചു.
നായർസൈന്യമതിനും പോലീസ്കാ-
രായവർക്കുമഥ മണി പതിനൊന്നിൽ
കേമമാകിയൊരു സദ്യ നടന്നിതു
രാമനാമഠാഹ്വയനിലയത്തിൽ.
നീതിപാലനവിദഗ്ദ്ധതയേറിന
നീതിനാഥനാകും ഗോവിന്ദ-
പ്പിള്ളയെന്നു പുകളാർന്ന മഹാനും
കള്ളമററ നിപുണതയതിയായി-
ട്ടുള്ള ധീരനാം സീ.വീ.രാമൻ-
പിള്ളയായ ശിതമതിയുമിതിങ്കൽ
ഉള്ളിലേററമുയരും നൃപഭക്തി-
ത്തള്ളലോട്ട ധൌരേയത പൂണ്ടാർ.
ഒട്ടനേകമേറും ഭടലോകരെ-
യൊട്ടുമിങ്ങൊരു കുഴപ്പം കൂടാ-
തൂട്ടുവാനുമതുപോലെയകംപടി
കൂട്ടുവാനുമതിയത്നം മതിമാൻ
പപ്പുപിള്ളയായുള്ള സുബേദാർ
മേജർ വേണ്ടവിധമായി വഹിച്ചു.
ഇപ്രകാരമപ്പുകളും പലതര-
മപ്രമേയഘോഷേണ കഴിഞ്ഞു.

(മട്ടുമാറി)

വണക്കമോടേ രജനിയിലേഴര
മണിക്കു പിന്നെപ്പൊന്നറയതിലെ-

ഷ്പണിക്കർ കെട്ടിനകത്തിഹ 'പൂപ്പട'-
യിണക്കിയഖിലം തയ്യാറാക്കി.
അണിഞ്ഞു കമനീയവേഷമനന്തര-
മണഞ്ഞു പാണാട്ടുള്ളൊരു പോററിയു-
മിരുന്നു പൂപ്പടയതിനുടെയരികേ
നിരന്നു ജനവും കാണ്മതിന്നായി.
പണിക്കരുടനേ മാരൻപാട്ടുകൾ
പടുതയോടു തകൎത്തുതുടങ്ങി.
വിറച്ചു കിഞ്ചന പോററിയുമല്ലവു-
മറച്ചിടാതഥ തുള്ളിയുടൻ പൂ-
പ്പടയ്ക്കു ചുററും നീങ്ങിയഹോ! പൂ-
വടക്കി വാരിപ്പല വഴി ചിതറി.
നടന്നു പൂപ്പടയിങ്ങനെയുടനേ
കടന്നു വാൎയ്യന്മാർ കണി വേലൻ
തുടങ്ങിയുള്ളവരുടെ വേഷത്തിൻ-
ചടങ്ങു പലവക പൂണ്ടഥ ശംഖും
വിളിച്ചു കരടിക്കൊട്ടു മുഴക്കി-
ത്തിളച്ച മോദമൊടേ ശ്രീപാദ-
ത്തകത്തു കലവറ പൂക്കു പഴക്കുല-
യെടുത്തു മണ്ടിപ്പല ദിശി വൻകുഴി
കുഴിച്ചു ശത്രുസ്ഥാപിതദോഷദ-
പദാൎത്ഥസാൎത്ഥമെടുത്തൊരു നാട്യം
കഴിച്ചു പിണികളെയൊഴിച്ചു വന്ന-
ത്തഴച്ച കൊടിയെയുമഴിച്ചിറക്കി.
വിശേഷമാകും വാൎയ്യജനോത്സവ-
മശേഷമിങ്ങനെയവസാനിച്ചു.

(മട്ടുമാറി)

മാറാതുള്ള വിനോദമൊടിങ്ങനെ-
യാറായീടിന ദിവസവുമായി.
പകലിഹ രണ്ടരമണിസമയത്ത-
പ്പുകളേറീടും ഫോണൊഗ്രാഫിൻ-
കുഴൽവഴി വന്നൊരു കവിതകൾ പന്തലി-

ലെഴുമാല്ലകളിൽ കൌതുകമേകി.
വള്ളിക്കെട്ടിനെയുദ്ദേശിച്ചി-
ട്ടുള്ളപ്പാട്ടുകൾ പദ്യാവലിയും
ഉള്ളിൽത്തട്ടിയ കുതുകവശാലി-
ത്തുള്ളല്പാട്ടിൻകർത്താവെഴുതി
സ്വാനഗ്രാഹിയിലന്നു നരാധിപ-
ധാനിയിൽ വച്ചു പകർത്തിയതത്രേ.
അഞ്ചിതമാമീ യന്ത്രമകത്തഥ
വഞ്ചീശ്വരിമാരുടെ തിരുമുൻപിലു-
മഞ്ചാതെത്തിപ്പാട്ടുകളെല്ലാം
വഞ്ചാതുരിയൊടു പാടിയമന്ദം.
കേരളവർമ്മനരാധിപനതുപൊഴു-
താരാലിങ്ങെഴുന്നള്ളിയിരുന്നു
ഓരോ ഗാനം കുഴൽവഴി കേട്ടു-
ദ്ധീരോദാത്തനുമനുമോദിച്ചു.
അന്നഥ മൂന്നര മണിയായപ്പോൾ
വന്നിഹ പൊന്നറയായ പണിക്കൻ
നന്തുണിയെന്നൊരു വാദ്യം കൊട്ടി-
ച്ചന്തമൊടേ ചില പാട്ടുകൾ പാടി.
കക്കാട്ടുവനീനിർജ്ജരനാകും
ചൊൽക്കൊള്ളുന്ന പുരോഹിതനുടനേ
‘മണ്ണീർ’ കോരീടുന്നതിനായി-
ത്തിണ്ണെന്നങ്ങു ചമഞ്ഞു തിരിച്ചു.
നഗരാവുപരി വിളങ്ങും ധേനുക
മികവേറുന്നോരധികൃതവർഗ്ഗം
നാഗസ്വരനിര പലപല വാദ്യം
നാളീകേക്ഷണമാരുടെ സംഘം
സേനാനിവഹം സേവകജാലം
നാനാഡംബരമിവയുടെ മദ്ധ്യേ
കല്യശ്രീയൊടലംകൃതമാകിയ
പല്ലക്കിന്നകമേറിയമന്ദം
വെള്ളം കോരീടുന്നതിനുള്ളൊരു
വെള്ളിക്കുംഭവുമരികേ വച്ചു

മംഗലമോടു പുരോഹിതവൎയ്യൻ
ഭംഗികലൎന്നഥ യാത്ര തുടങ്ങി.
പുഷ്ടവിശേഷമിയന്നു വടക്കേ-
ക്കൊട്ടാരത്തിന്നരികേ വിലസും
മാൎഗ്ഗത്തൂടെ നടന്നീ യാത്രാ-
വൎഗ്ഗം തെക്കേത്തെരുവിലണഞ്ഞു.

(മട്ടുമാറി)

ആ വഴിക്കഥ പുരോഹിതധരണീ-
ദേവവൎയ്യനഴകോടു തിരിച്ചു
ശ്രീവരാഹദേവാലയമതിലൂടെ-
നാവിരാദരമണഞ്ഞൊരു ശേഷം
പൊന്നറാഖ്യനാകുന്ന പണിക്കര-
മന്ദമത്ര പാടുന്നൊരു പൊഴുതിൽ
ചെന്നു വാപിയതിൽ നിന്നഥ വാരി പ-
കൎന്നു ചാരുവാകുന്ന കുടത്തിൽ,
പോന്നു വീണ്ടുമുരുഘോഷവിശേഷമി-
യന്നു മന്ദ,മിരുപാൎശ്വങ്ങളിലും
നിന്നിടുന്നവരിൽ മോദം ചേൎത്തിഹ
വന്നണഞ്ഞു വധുവിൻസദനത്തിൽ
കാതരാക്ഷിമാർ പാടിയ നേരം
സാദരാതിശയമാശു തുറന്നൊരു
വാതിലേറിയഥ കെട്ടിനകത്താ-
പ്പൂതമായ സലിലം സൂക്ഷിച്ചു.
പിന്നെ രാത്രിയതിൽ മണിയെട്ടരയാ-
കുന്ന മംഗലമുഹൂൎത്തംതന്നിൽ
സേകമെന്നു വിശ്രുതമാം ക്രിയയും
ശ്രീകരം ബത! നടന്നൊരു ശേഷം
വ്രതമൊടന്നു പകൽ ഭോജനരഹിതം
മരുവിടുന്ന നൃപദമ്പതിമാരും
സ്നാനമാൎന്നു പുണ്യാഹക്രിയയൊടു-
നൂനമാകുമ്മുഹൂൎത്തേ കഴിച്ചാർ.
മാന്യരായിഹ പിടാകയിൽ മേവീ-

ട്ടുന്നവൎക്കു പലപല വിഭവങ്ങളൊ-
ടന്നു രാമനാമഠമതിൽ വച്ചു ന-
ടന്നു സദ്യ പകൽ വേണ്ടുംവണ്ണം.
രാത്രിയിങ്കലപ്പുത്മവിലാസം
പത്തനത്തിലും നായന്മാൎക്കതി
ഹൃദ്യമായ പല വിഭവമിയന്നൊരു
സദ്യ കേമമായദ്യ നടന്നു.
ശ്രീവിശാഖമൂലൎക്ഷജവിശ്രുത-
ഭൂവലാരികൾക്കാത്മജരാകും
കേൾവിയുള്ള നാരായണനാമകർ
രാജധാനിമാനേജർ തുടങ്ങിയ
തമ്പിമാരുമഥ പരഗുണരചനയി-
ലിമ്പമാൎന്നധികനിപുണതയോടേ
ഭാസമാനബഹുസംസ്കൃതി വിദ്യാ-
ഭ്യാസരീതിയിൽ വരുത്തിയ നയഗുണ-
മുള്ള കാൎയ്യദൎശകനയ്യപ്പൻ-
പിള്ളയെന്ന മതിമാൻ മുതലായൊരു
നായർസംഘനേതാക്കളുമതിഥിക-
ളായിതിങ്കലെന്നോൎത്തീടേണം.

(മട്ടുമാറി)

ഈവണ്ണം പല ഘോഷമിയന്നൊരു-
രാവു കഴിഞ്ഞുടനേഴാം നാളിൽ
തീക്കനൽ പോലുദയാചലമൂൎദ്ധനി
ഭാസ്കരനുദയം ചെയ്തീടുമ്പോൾ
ദമ്പതിമാർ നീരാട്ടുകഴിഞ്ഞി-
ട്ടിമ്പമൊടത്തിമരത്തിൻമൂലം
സംപ്രാപിച്ചഥ വിധിപോലിഹ ജല-
സംപൂരിതമാം പാത്രത്തിങ്കൽ
കളിയാടും ചെറുമത്സ്യങ്ങളെയുൾ-
ത്തെളിവൊടു വസ്ത്രം കൊണ്ടു പിടിച്ചു
ബലിയെന്നുള്ളൊരു സങ്കല്പത്തോ-
ടലസാതവിടെ ക്ഷേപിച്ചുടനേ

ദേശികനാകും ഭൂസുരനംബുദ-
കേശികൾ ചൂടും വഞ്ചീശ്വരിയുടെ
തൃക്കരസീമനി വിലസും കാപ്പിനെ-
യുൾക്കുതുകത്തൊടരുത്തു യഥാവൽ.
എണ്ണ പരസ്പരമുടനേ തേച്ചി-
ട്ടെണ്ണമൊഴിഞ്ഞ ഗുണങ്ങളിണങ്ങും
വർണ്ണ്യന്മാരാം ദമ്പതിമാരവർ
തണ്ണീരാടിപ്പോന്നു സന്തോഷം
മംഗലകരമാം ഹോമാദിക്രിയ-
യിങ്ങു ജവേന കഴിഞ്ഞൊരു ശേഷം
അന്നൊരുമിച്ചമൃതേത്തു കഴിച്ചി-
ട്ടുന്നതസൌഖ്യമിയന്നു വസിച്ചാർ.

(മട്ടുമാറി)

ചൊല്ലാനുപമയേതുമില്ലാതെ വിളങ്ങീട്ടു-
മുല്ലാസകാരിയായ കല്യാണഘോഷമിതു
നല്ലാഭയോടിവണ്ണമെല്ലാനാളും നിലച്ചു
നില്ലായെന്നതു കൊണ്ടു വല്ലായ്മയുണ്ടപാരം.
ചൊല്ലാന്നൊരുത്സവങ്ങളെല്ലാം കാണ്മവാൻ യോഗ-
മില്ലാതെയായ് നമുക്കു പൊല്ലാത്തവിധിയാലേ.
ആട്ടേ കഴിഞ്ഞ കഥ പോട്ടേയിനിയിവിടെ-
യാട്ടേ വസതി മടി കാട്ടേണ്ടതല്ലിതിങ്കൽ.
ഇത്ഥം നിനച്ചു നിജചിത്തം ഭ്രമിച്ചു ജന-
മൊത്തുല്ലസിച്ചു പലെടത്തും ചരിച്ചു ബഹു-
ഘോഷങ്ങളുരുതരവേഷങ്ങൾ ഗുണഗണ-
പോഷങ്ങളിവ കണ്ടു തോഷങ്ങളാന്നീടവേ,

(മട്ടുമാറി)

അഞ്ചു മണിക്കഥ വധുവും വരനുമ-
ദഞ്ചിതമോദം ഹന്ത! തിരിച്ചു
ശ്രീകണ്ഠേശ്വരനിലയസമീപേ
ശ്രീകൊണ്ടുജ്ജ്വലമാം പണ്ടാര-
ക്കോട്ടയ്ക്കകമതിലുള്ള കുളത്തിൽ
ശ്രേഷ്ഠതരം നീരാട്ടു കഴിച്ചു

ഘോഷവിരാജിതയാത്രോചിതമാം
വേഷവിശേഷമിയന്നു മനോജ്ഞം
ഭൂഷണജാലവുമൻപിലണിഞ്ഞതി-
തോഷദമായ വിധത്തിലൊരുങ്ങി.
ഭാവിയതായോരഗ്നിവിഹാര-
ശ്രീവിധമൊക്കെയറിഞ്ഞഥ രവിയും
‘ഈവിധമിവിടെ വസിച്ചാൽ നമ്മുടെ
കേൾവിക്കേറ്റം കുറവുണ്ടാകും.
തേജസ്സിനു കുറവിയലും മുൻപേ
പോയിസ്സപദി മറഞ്ഞീടേണം.’
എന്നു നിനച്ചു പടിഞ്ഞാറേക്കടൽ-
തന്നിലണഞ്ഞു മറഞ്ഞു തദാനീം.
മാനസ്ഥന്മാരായുള്ളവരവ-
മാനത്തിൽ ഭയമുള്ളവരല്ലോ.
ബന്ധുരമാകിയ സിന്ദൂരത്തിൻ-
ചന്തമിയന്നു ലസിച്ചീടുന്നൊരു
സന്ധ്യയുമുടനേ വന്നിഹ ഗമനാ-
സ്സന്ധമൊരുങ്ങാനാജ്ഞാപിച്ചു.
കോമളമായിട്ടുമാന്ദോളത്തിൽ
ശ്രീമതി റാണി കരേറിയിരുന്നു.
കാമനു തുല്യൻ കണവനുമുടനേ
ഹേമാലംകൃതിഭൂഷിതനാകിയ
സാമജവരനുടെ മുകളിൽ വിളങ്ങും
ശ്രീമയമാമമ്പാരിയിലേറി.
അതിനുടെ മുകളിലുമാന്ദോളത്തി-
ന്നരികിലുമേറ്റമലങ്കാരദ്യുതി-
രഞ്ജിതമാകിയ പട്ടുക്കുടകൾ സ-
മഞ്ജുസത്രുപം ഹന്ത! പിടിച്ചു.
സഞ്ജാതോത്സവമഥ കോലാഹല-
പുഞ്ജമനോജ്ഞം യാത്ര തുടങ്ങി.
മുന്നം മണവാളാഗമനത്തിൽ
ചൊന്ന വിധങ്ങളശേഷവുമിവിടെ
ഉന്നതകാന്തിവിലാസപ്പൊലിമയെ-

യൊന്നതിയായിരിച്ചത്തു നിനച്ചാൽ
പിന്നെ വിശേഷിച്ചുരചെയ്യേണ്ടതു
മിന്നും ദീപകമാഷ്ണകളത്രേ,
എണ്ണംവിട്ടൊരു തീവെട്ടികളൊരു-
വണ്ണംവരിയായിരുപാൎശ്വങ്ങളിൽ
മിന്നീടുന്നതു കണ്ടാലക്കൻ
മുന്നേ പോയതു മാന്യത തന്നെ.
ഇടയിടയിൽ പല മാതിരി വണ്ണം
തടവിന വല്യതാം മത്താപ്പുകളും
പൊടിപൊടിയായിത്തീക്കുസുമാവലി
നടമാടുന്ന കുഴിപ്പൂനിരയും
സ്ഫുടരുചിയാന്ന കുടച്ചക്രങ്ങളു-
മിടയും ഘോഷമിതെന്തുരചെയ്‌വൂ!
സുരുചിരമായിട്ടമാന്ദോളത്തെ-
ശ്ശൂരിയായിട്ടു നടത്തിപ്പതിനും
വധുവായീടും നിജദൌഹിത്രി-
ക്കധികാനന്ദമുദിക്കുന്നതിനും
അരികെയങ്ങനെ ചിത്രകലേശൻ
നരപതി മതിമാൻ നടകൊള്ളുന്നു.
ആഡംബരനിരയണിയണിയായി
ശ്രീഡംബരമൊടു പോയീടുന്നതി-
ലൊട്ടും ന്യൂനതയേശീടായ്വാൻ
ദൃഷ്ടികൾ വിട്ടും ചട്ടംകെട്ടിയു-
മൊട്ടധികം യത്നിച്ചീടുന്നിഹ
കൊട്ടാരംമാനേജർ മഹാത്മാ.

(എരിക്കില—ആദി—സാരിമട്ട്.)

(ചരണങ്ങൾ: ൧.)

ചാരുഹേമമണികാന്തിപൂരമോടേ ഹന്ത!
പാരവും വിളങ്ങീടുമീയാന്ദോളത്തിൽ
സ്മേരമനോഹരവദനസരോജം പൂണ്ടു വാണീടുന്നു
സാരസമിഴികുലശേഖരഭൂവരകന്യകയാൾ.

(൨)

ലക്ഷ്മീദേവി പത്മനാഭസേവ ചെയ്യാൻ റാണി-
ലക്ഷ്മീഭായിയായി വന്നു ജാതയായോ?
ലക്ഷണപൂർണ്ണതയുളെളാരു തിരുമെയ് കണ്ടുകണ്ടു സുധാ-
ഭക്ഷണസുഖമഖിലേക്ഷണജാലവുമാർന്നീടുന്നു.

(൩)

അഞ്ചിതമായ് മിന്നീടുന്ന കഞ്ചുകവും ചാരു-
ചഞ്ചലാഭ കലരുന്നോരുഷ്ണീഷവും
സഞ്ചിതരുചിയൊടു ചാർത്തിയമന്ദം ഖഡ്ഗപാണിയായി
നെഞ്ചിലതീവ കുതുഹലമുളളവായീടും വണ്ണം

(൪)

വാരണവരൻമുകളിൽ വാണീടുന്ന നേത്ര-
പാരണായിതാകൃതിയാം ശ്രീകുമാരൻ
സാരഗുണങ്ങൾ നിനയ്ക്കുകിൽ നമ്മുടെ വഞ്ചിരാജ്ഞിയാം
പാരമിണങ്ങിയ വല്ലഭനെന്നതിനില്ല വാദം.      (ൾക്ക

(മട്ടുമാറി)

ഇത്ഥം പല വക ചൊല്ലിജ്ജനതതി-
യത്യാനന്ദം വാഴ്ത്തീടുമ്പോൾ
വൃഷ്ടി കലർന്നിടുമാഘോഷാവലി
"വെട്ടിമുറിച്ചൊരു കോട്ട" കടന്നു.
വൃളളിക്കേഴമൃഗാക്ഷികളധികം
തളളിക്കേറിത്തെക്കേത്തെരുവിൽ
വളളിക്കൂടത്തിന്നിരുനിലയില്ല-
മുളളിൽക്കൂടിയ കൌതുകമോടേ
തിങ്ങി ഞെരുങ്ങി നിരന്നു വസിച്ചീ
ഭംഗികൾ മുഴുവൻ കണ്ടീടുന്നു.
മംഗലമാകിയ ദീപാവലിയാൽ
തുംഗലസൽപ്രഭ പൂണ്ടു വിളങ്ങും
കൊട്ടാരത്തിൻമാളികമുകളിൽ
വൃഷ്ടാനന്ദം വഞ്ചീശ്വരനും
കുട്ടിമൃഗേക്ഷണമാക്കൊരു നിടില-
പ്പൊട്ടാമിളമുറവഞ്ചീശ്വരിയും

കേരളവർമ്മനരേന്ദ്രനുമൊരിട-
ത്താരാലങ്ങു വസിച്ചരുളുന്നു.
രാജസ്ത്രീജനസഞ്ചയമവിടെ വി-
രാജിക്കുന്നിതു മറെറാരുഭാഗേ.
മാളികതന്നുടെ തെക്കുവശത്തിലെ
മൈതാനത്തൊരു സൂചി കടത്താൻ
പോലും പഴുതില്ലാത്ത വിധം ജന-
ജാലം തിങ്ങി ഞെരുങ്ങീടുന്നു.
പണ്ടൊരുനാളും ജനതതിയിങ്ങനെ-
യുണ്ടായിട്ടില്ലായതുമല്ലിനി-
യുണ്ടാകുകയുമില്ലെന്നു പുകഴ്ത്തി-
ക്കൊണ്ടാടുന്നിതു ലോകരശേഷം.
ആളുകളഖിലമയസ്സും ലോചന-
പാളികളാകും മാലകൾ ചാർത്തി-
ക്കേളി കലർന്നൊരു ദമ്പതിമാരഥ
മാളികയുടെ നികടത്തിലണഞ്ഞു
ഗുരുതരമാകും വിനയത്തോടേ
ഗുരുജനവന്ദനമാശു കഴിച്ചു
പെരുകിന ജനസംഹതിയുടെ മദ്ധ്യേ
ധരയിലിറങ്ങിയ സമയത്തിങ്കൽ,

(മട്ടുമാറി)

അനന്തഭക്തി നൃപൻകലെഴുന്നോ-
രനന്തരാമയ്യൻ പൌസേദാർ
അനന്തരായം ചെന്നെതിരേററി-
ട്ടനന്തതൻപതിനികടേ ചേർത്തു.
അനന്തരം വിലസീടും സുഷമാ-
ധനന്തികഞ്ഞൊരു വധുവിനെയിങ്ങനെ
മനന്തെളിഞ്ഞിഹ കണ്ടു പുകഴ്ന്നാർ
ജനന്തദാ കുതുകത്തൊടിവണ്ണം:—

(മോഹനം—ആദി)

(പല്ലവി)

കണ്ണിണതന്നുടെ കാമിതമാകവെ-
ഇന്നു ഫലിച്ചുവല്ലോ.

(അനുപല്ലവി)

എണ്ണമകന്നു നാം മുന്നമഹോ! ചെയ്യ
പുണ്യപരമ്പര നിർണ്ണയമിഹ മൂലം. കണ്ണി-

(ചരണം)

അതിമധുരാമൃതസാരമോ
മതിയിളകും മണിഹാരമോ
ക്ഷിതിപതിയൌവതഹീരമോ
വിധിയുടെ കൌശലപാരമോ
മാലതിമലർനിരയാലുള വാക്കിയ
ചേലിയലും മൃദുമാലികയോ ജന-
ജാലസുപാലനലോലുപമൂലനൃ-
പാലകശീലവിശാലത മൂലമി-
ഹാതുലാഭമണഞ്ഞൊരു വാരിദ-
കേതുലാളിതകല്പകലതയോ
മാതുലക്ഷിതിപാന്തികവാസിനി
സേതുലക്ഷ്മി കുമാരികയോ ബത! കണ്ണി.

(മട്ടുമാറി)

മൈതാനത്തിനു തെക്കുവശത്തഥ
കൌതുഹലകരമൊരുവെടി കേട്ടു.
തുഷ്ടി കലൎന്ന ജനങ്ങളശേഷം
ദൃഷ്ടികളെല്ലാമങ്ങു പതിച്ചു.
ഉടനേ പല പല മത്താപ്പുകളുടെ
കൊടിയൊരു കാന്തികൾ കണ്ടുതുടങ്ങി
പൊട്ടുപൊടെ വെടിയും ഹന്ത! മുഴങ്ങി
ഝടിതി കുഴിപ്പുനിരകളിണങ്ങി
കമ്പവുമുടനേ കത്തിവിളങ്ങി
കമ്പമൊടേ നയനങ്ങൾ പരുങ്ങി
ഗംഭീരധ്വനി പലതിടതിങ്ങി
കുംഭിവരന്മാരൊന്നു നടുങ്ങി
ആരവമൊടു ചക്രങ്ങൾ കറങ്ങി
ഭൂരിതരാഗ്നികണങ്ങളിറങ്ങി
ഘോരതരം ബാണാവലി പൊങ്ങി

ദ്ദൂരമനല്പം ചെന്നഥ മങ്ങി.
ഒരു മുള ഭംഗിയിൽ നേരെ നാട്ടി-
പ്പുരിചൊട്ട ചേൎത്തു നടുക്കൊരു വെട്ടി,
പുരുകൌതുകമുളവാകും മട്ടിൽ
പരമൊരു വിദ്യയതിങ്കൽ കാട്ടി.
ഒരു കല കേവലമുള്ളൊരു ചന്ദ്രൻ
വിരവിലതിൻമേലടിയിലുദിച്ചു.
ഇരുകലയായിട്ടതിനുടെ മുകളിൽ
ശരിയായുടനേ കാണായ്വന്നു.
ഇങ്ങനെയനുപദമുപരി നിതാന്തം
ഭംഗിയൊടോരോകലകൾ തികഞ്ഞു
ഒടുവിൽ പൂൎണ്ണനിശാകരനായി
സ്ഫുടമാനന്ദം ചേൎത്തു മനസ്സിൽ.
ചാലയിൽ രാമാഹ്വയനാം പടുമതി-
യാലേ വിരചിതമായിട്ടുള്ളോ-
രഗ്നിവിഹാരം പലതുമിവണ്ണമ-
വിഘ്നം കണ്ടു ജനങ്ങൾ കുതുഹല-
മഗ്നന്മാരായ്ത്തീൎന്നുനേരമ-
ഭഗ്നാശയരാം ദമ്പതിമാരും
ഗുരുജനമതിനുടെയനുമതി വാങ്ങി-
പ്പരിജനപരിവൃതരായിത്തരസാ
മാളികയതിൽനിന്നവരോഹിച്ചഴ-
കാളും വാഹനമധിരോഹിച്ചു.
വിവിധാഡംബരസുന്ദരമായി-
ട്ടവിടം വിട്ടു ഗമിച്ചഥ മന്ദം
തേവാരത്തെന്നാഖ്യയൊടമിത-
ശ്രീവാരത്തിനു നിലയനമാകും
കൊട്ടാരത്തിന്നകമേയുള്ളൊരു
കെട്ടിനകത്തു കടന്ന ദശായാം
തിണ്ണം ചെന്നു പുരോഹിതനാം മഹി-
വിണ്ണവർമൌലിയൊഴിച്ചുകൊടുത്തൊരു
മണ്ണീരിന്ന്യഥ മൂലമഹീപതി
പുണ്യശ്രീജായാപതിമാരുടെ

മൂൎദ്ധാവിൽ പരിചോടു തളിച്ചതി-
മാത്രാമോദം പുനരക്ഷതവും
തത്ര സമൎപ്പിച്ചിതു ബഹുമംഗല-
മത്ര ഭവിക്കെന്നാശംസയോടേ.
മതിശാലിനിയാം വഞ്ചീശ്വരിയാൽ
കതിർമണ്ഡപമതിലുടനെഴുന്നള്ളി
അതിമഞ്ജുളമാം പലകയതിന്മേൽ
സ്ഥിതിചെയ്താളതിമാത്രവിലാസം.
സംബന്ധികളാം പോററികളും ജന-
സമ്മതരാകും പന്തളനൃപരും
സമ്മദപൂൎവ്വം ചെന്നഥ വധുവിനു
പൊന്മോതിരമതു സമ്മാനിച്ചു.
ഉപയമകൎമ്മം സകലവുമിങ്ങനെ
ശുഭകരമായി നടന്നൊരുശേഷം
നൃപകുലമണിയും ദമ്പതിമാരും
നിജനിജവാസമണഞ്ഞു വസിച്ചാർ.
എട്ടായീടും ദിനമഥ വിശ്രമ-
മട്ടായിത്താനത്ര കഴിഞ്ഞു.
പുഷ്ടവിശേഷം പിറേറന്നാൾ നിശി
തുഷ്ടി മനസ്സിലുദിക്കുംവണ്ണം
ഉണ്ണാധിപരായുള്ള ജനത്തിനു
ചേണാൎന്നുള്ള വിരുന്നു നടന്നു.
പന്തലശേഷം ദീപപ്രഭയുടെ
ചന്തമിയന്നു വിളങ്ങീടുമ്പോൾ
രസമുണ്ടാംവിധമേഴുമണിക്കിഹ
റസിഡണ്ടാദികൾ വന്നുകരേറി
അതിമോദത്തൊടു നരപാലകനുട-
നെതിരേററവരെയിരുത്തിയമന്ദം
പല കുശലങ്ങൾ പറഞ്ഞൊരു ശേഷം
നലമിയലും തീനാരംഭിച്ചു.
ഇടയിടയിൽപല വെടികൾ പറഞ്ഞും
കുടുകുടെയങ്ങു കുടിച്ചു തെളിഞ്ഞും
വടിവൊടു ചഷകഗണങ്ങളൊഴിഞ്ഞും

ഝടിതിയതൊക്കെ നിറഞ്ഞു ചമഞ്ഞും
സ്സുട്ടരുചിയുടെ മഹിമാനമറിഞ്ഞും
മടി കുടിയോടേ ദൂരെ മറഞ്ഞും
പടുതയിൽ മംഗലമൊഴികൾ ചൊരിഞ്ഞും
പരമരസാബ്ധിയിൽ മുഴുകിമറിഞ്ഞും
ബാൻഡിൻനിനദം കേട്ടു കുതൂഹല-
മാണ്ടും മൂലമഹീവലവൈരിയിൽ
വീണ്ടും ബഹുമതി പൂണ്ടും സമയം
നീണ്ടും വേണ്ടുംവകയുൾക്കൊണ്ടും
ഇങ്ങനെയവരുടെ ഭക്ഷണകേളികൾ
മംഗലമായവസാനിച്ചപ്പോൾ
ഭംഗിയൊടെഴുന്നേററു മഹീപതി-
പുംഗവനുടനേ നമ്മുടെയിൻഡ്യാ-
സമ്രാട്ടിനു ദീഘായുസ്സിനെയു-
ന്നമ്രാനന്ദമൊടാശംസിച്ചു.
നമ്രത പൂണ്ടുടനാഹ്ളാദസാര-
മാമ്രേഡിതമവരത്ര മുഴക്കി.
പുനരിഹ റസിഡണ്ടായ മഹാത്മാ
മനുജാധിപനും ദമ്പതിമാക്കും
അനഘശ്രീനൃപവംശത്തിന്നും
ഘനതരമംഗളമാശംസിച്ചു.
ബി. ഏ. വിരുതു കലന്നോരേജേ
വിദ്യറയായിട്ടും മതിമാനിതു
തയ്യാർ ചെയ്യാനുത്സാഹിച്ചതു
പൊയ്യല്ലഖിലം സഫലതയാൻു.
തീനു കഴിഞ്ഞെല്ലാവരുമുടന-
ത്യാനന്ദത്തോടാശു ഗമിച്ചു
തെക്കേത്തെരുവതിൽ മാളികയിങ്കൽ
പുക്കിതു പത്തര മണിയായപ്പോൾ.
അപ്പോഴവിടെക്കൂടിയിരുന്നോ-
രല്പേതരജനബഹുലതയോർത്താൽ
ഏഴാം നാളിൽ കൂടിയ സംഖ്യയെ-
യേഴു ഗുണിച്ചാലും മതിയാകാ.

പഴവങ്ങാടി തുടങ്ങി വടക്കേ
വഴിയായിത്തേവാരം വരെയും
അവിടം മുതൽ തെക്കുള്ള വഴിക്കാ-
യഴകൊട്ട തെക്കേത്തെരുവു വരെയ്ക്കും
വെട്ടിമുറിച്ചൊരു കോട്ടതുടങ്ങി-
പ്പുഷ്ട്യാ പഴവങ്ങാടി വരെയ്ക്കും
ഇങ്ങനെയൊരു വലയാകാരത്തിൽ
ഭംഗിയിൽ വിലസും വീഥികൾ മുഴവൻ
ഇരു ഭാഗത്തും മുളകളെയോരോ
വരിയായ് നാട്ടി നിറുത്തിയതിന്മേൽ
ഒരുപോൽ ചേർത്തൊരു ദീപശ്രേണികൾ
സുരുചിരമായ് വിലസുന്നതു കണ്ടാൽ
റാണികുമാരിയൊടൊപ്പം നരവര-
ധാനിയതാകിയ രമണീമണിയും
നന്മയിൽ നിജഗളസീമനി ചേർത്തൊരു
പൊന്മണിമാലകളെന്നു നിനയ്ക്കാം.
ആക്കമൊടങ്ങനെ മൈതാനത്തിൽ
തീക്കളിയുടെ ഘോഷങ്ങൾ തുടങ്ങി.
പല നിറമിയലും ദീപശ്രേണികൾ
വലുതായുള്ളൊരു താമരപോലെ
വലയാകാരമിയന്നഥ നേരേ
വിലസീടുന്നതു കാണായ്വന്നു.
ആയതു കണ്ടാൽ മുന്നം ചൊല്ലിയൊ-
രായതമാം മണിമാല്യയുഗത്തിൻ-
മദ്ധ്യേ ചേർന്ന പതക്കമിതെന്നൊരു
ബുദ്ധി മനീഷിജനത്തിനുദിക്കും.
അവ്വിയാകം രണ്ടക്ഷരമുട-
നതിനുടെ മദ്ധ്യേ കണ്ടുതുടങ്ങി.
ശീഘ്രം പുനരിരുപാർശ്വങ്ങളിലും
വ്യാഘ്രദ്വയവും ഹന്ത! വിളങ്ങി.
പല നിറമാളും മത്താപ്പുകള-
പ്പല നിറമെല്ലാവക്കും നൽകി-
പ്പകലെന്നുള്ളൊരു ശങ്ക വരുത്തി.

ല്പരമാനന്ദം ചേൎത്തു മനസ്സിൽ.
ഝടിതി കൊളുത്തിയ കമ്പത്തിങ്കൽ
പടുതരമാം വെടി കേട്ടുതുടങ്ങി.
ഇടയിടയതിഗംഭീരം കതിനാ-
വെടികളുമങ്ങു മുറക്കു മുഴങ്ങി.
സുരുചിരമാമിക്കാഴ്ചകൾ കാണ്മാൻ
സുരസംഘത്തെ വിളിപ്പതിനായി
വരിവരിയായ് പല ബാണസമൂഹം
വിരവൊടു വിണ്ണിൽ പാഞ്ഞുതുടങ്ങി.
നിങ്ങൾക്കില്ല പടുത്വം ജളരേ!
ഞങ്ങൾ ഗമിക്കാമെന്നൊരു ഭാവാൽ
ഭംഗിയൊടനവധിയൌട്ടുകളുടനേ
പൊങ്ങിയഹംപൂൎവ്വികയൊടു തരസാ.
വിണ്ണിലണഞ്ഞവ, പൊട്ടിയനേകം
വൎണ്ണമെഴും ചെറുഗുളികാവിതതികൾ
കണ്ണിനിണങ്ങും വലയാകാരമൊ-
ടെണ്ണം വിട്ടു ചൊരിഞ്ഞതു പാൎത്താൽ,
ഇന്ദ്രൻ മുതലായുള്ളവർ വഞ്ചിമ-
ഹീന്ദ്രന്മാരൊടു വന്നവിടത്തിൽ
സാന്ദ്രാനന്ദം നിന്നു രസിച്ചീ-
ടുന്നതു സഹസാ കണ്ടതുമൂലം
പെട്ടെന്നുളവായീടിന വിസ്മയ-
തുഷ്ടികളാലേ മാനസപത്മം
പൊട്ടിയതീവ കൃതാൎത്ഥത കൈക്കൊ-
ണ്ടട്ടഹസിച്ചു ചിരിച്ചതു നൂനം.
ഇങ്ങനെയൌട്ടുകളനുപദമധികം
പൊങ്ങിപ്പൊട്ടീടുന്നതു നേരം
ഒന്നിലൊരേ നിറമുള്ളൊരു ഗുളികകൾ
ചിന്നി വിളങ്ങീടുന്നതു കാണാം.
ഒന്നിലെഴും ചില ഗുളികകൾ വീണ്ടും
സുന്ദരതരമായ് പൊട്ടീടുമ്പോൾ
പിന്നെയുമവയിലതീവ വിചിത്രം
ചിന്നീടും പല ഗുളികകൾ സഹസാ.

ചിലതുകൾ നക്ഷത്രാകൃതിയായ് പോയ്
നലമോടിങ്ങു മടങ്ങീടുന്നു.
അമ്മാനക്കളിയാടുന്നതു പോൽ
തമ്മിലിടഞ്ഞവ ഗമനാഗമനം
ചെമ്മേ ചെയ്തീടുന്നതു കണ്ടാൽ
സമ്മോദം സകലർക്കുമുദിക്കും.
ഇമ്പ്മെഴുംപടി തെരുതെരെയിവ ബഹു-
വൻപൊടിവണ്ണം വിളയാടുമ്പോൾ
കമ്പച്ചക്രം കത്തിയഹോ! നൽ-
പമ്പരമെന്നതു പോലെ കറങ്ങി.
മുഴമഴവില്ലിൻമാതിരിയായുട-
നഴകൊടു മറെറാരു ചക്രം ചുററി.
ഇരുവശമോരോ ചെടികൾ നിലാത്തരി-
നിരയാലഥ ബത! കാണായ് വന്നു.
പൊട്ടി ജ്വാലൊരു പെട്ടിയുടൻ പല
മട്ടിൽ വിളങ്ങും പാവകളണിയാ-
യിട്ടു നിരന്നൊരു പൊഴുതു കലാശ-
ക്കോട്ടയിലഥ തീ ചെന്നു പിടിച്ചു.
കുരവക്കുററികൾ കളമൊഴിമാർ പോൽ
കുരവകളുടനേ ഹന്ത! മുഴക്കി.
കിളിവെടി പൊട്ടിപ്പലവഴി പാഞ്ഞു
കളമമ്മാനപ്പൂക്കൾ പരന്നു.
കശപിശരവമൊടു ചെറുബാണങ്ങടെ
കശയായുടനാകാശമശേഷം.
ശരമൌട്ടുകളെന്നൊരുവക പൊങ്ങി-
ട്ടുരഗാവലി പോൽ നിരയായ് ത്തിങ്ങി
പരിചിൽ മടങ്ങീടുന്നതു കണ്ടാൽ
സുരനാഥാദികളുരുകുതുകത്താൽ
ധരണിയിലിഹ വർഷിക്കും കനക-
ത്തരികളിതെന്നൊരു സംശയമുണ്ടാം.
വാൽനക്ഷത്രം വണ്ടിച്ചുററികൾ
വേലികണക്കേയുള്ളൊരു ബാണം
ചരവെടി തൊണ്ണപ്പൂവുകൾ റേയിൽ-

ചക്രമടക്കപ്പെട്ടികൾ പലവക
ശില്പമിയന്ന കുഴിപ്പൂനികരം
കെല്പേറുന്ന കുടച്ചക്രങ്ങൾ
കലശവെടിക്കളി കുതിരച്ചാട്ടം
നലമേറും ഫണിപാശസഹസ്രം
ഇങ്ങനെ പലപല കൌശലവിദ്യക-
ളിങ്ങു വിളങ്ങിയ ഭംഗുരഭംഗ്യാ.
ഓരോ വിദ്യകൾ കാണുന്നേരം
സാരജ്ഞന്മാരാം ധരമാരും
നരപതിയും നിജപാണികൾ കൊട്ടി-
പ്പരിതോഷത്തെസ്സൂചിപ്പിച്ചു.
മനമതിലുളവാമുല്ലാസത്താൽ
ജനതതിയാർപ്പു വിളിച്ചനുവേലം
ജനപതിസന്നിധിയെന്നതുമോക്കാ-
തനവധി കോലാഹലമിഹ കൂട്ടി.

(മട്ടുമാറി)

ക്രൂസാതെ പല വിദ്യ ധീസാമർത്ഥ്യത്തിനാലെ-
യാസാദിച്ചുള്ള മന്ത്രകാസീനിതി പ്രസിദ്ധി
പാരം കലർന്ന ബഹുധീരൻെറ തീക്കളിയി-
തോരുമ്പോൾ വിസ്മയിക്കുമാരും സംശയമില്ല.
തീപ്പെട്ടികളും നല്ല കേപ്പും പല മാതിരി
സോപ്പും സുഗന്ധികടെ ചേപ്പും കണ്ണാടികളും
മിന്നൽവിളക്കു മുതലായ പദാർത്ഥങ്ങളും
നന്നായ് രചിച്ചിടുകയെന്നല്ല വിഷമിററ-
ക്കുന്ന വിദ്യയും ഫണിവൃന്ദവശീകൃതിയും
ഒന്നു പോലേ സ്വബുദ്ധിയൊന്നു കൊണ്ടു ഗ്രഹിച്ചു
വാണിടുമിസ്സുമതി നൂനമുത്സാഹനാർഹ-
നാണെന്നു ചൊല്ലുവതിനാനന്ദമുണ്ടു പാരം.

(മട്ടുമാറി)

ഇങ്ങനെ മണി പതിനൊന്നേകാൽ വരെ-
യിങ്ങു നടന്നൊരു തീക്കളിയെല്ലാം
മംഗലമായിക്കണ്ടു ജനങ്ങള-

ഭംഗ്യാനന്ദം യാത്ര തുടങ്ങി.
യൂറോപ്യന്മാരെല്ലാവരുമുൾ-
ക്കുറിയല്പം നൃപമൌലിയൊടുടനേ
ഷവും രസമൊടു യാത്രയുമോതി-
സ്സാറട്ടുകൾ കരയേറിപ്പോയാർ.
പേരാളും നൃപദമ്പതിമാരും
കേരളവൎമ്മനരാധീശ്വരനും
പാരാതിളമുറ വഞ്ചീശ്വരിയുമു-
ദാരശ്രീനരപാലൻതന്നൊടു
യാത്ര യഥാവിധി ചൊല്ലീയുടൻ ചരി-
താൎത്ഥത പൂണ്ടഥ ഹയശകടത്തിൽ
ചിത്തരസേന കരേറി മനോഹര-
പത്തനസീമനി ചെന്നുവസിച്ചു.
അഭിനവദമ്പതിമാരിഹ ഗുരുജന-
സുഭരണരീതികൾ കൊണ്ടനുവേലം
അഭിജനയോഗ്യസദാചാരങ്ങളി-
ലഭിരുചി പൂണ്ടു വിളങ്ങീടുന്നു.
ഉന്നതമാമിപ്പള്ളിക്കെട്ടിനു
വന്ന നരാധിപവംശഭവന്മാ-
ൎക്കൊന്നൊഴിയാതിഹ സംഭാവനകളെ
മന്നവമണിയനുഗുണമായ് നൽകി.
എന്നല്ലഥ സംബന്ധിപ്പോററിക-
ളെന്നു തുടങ്ങിയ പൂജ്യന്മാൎക്കും
ഓരോ സംഭാവനകളെ വിധിപോൽ
ധീരോദാരൻ നരപതി നൽകി.

(മട്ടുമാറി)

സാദരശ്രമം ചെയ്തുള്ളൊരു സ-
ൎവ്വാധികാൎയ്യപദമാളും നിപുണനു
വേതനത്തിലാധിക്യം ഭവികനി-
കേതനം നൃപതി കരുണയൊടരുളി.
കെല്പിയന്നൊരൊന്നാംതഹശീൽദാർ
വല്പ്പവിള്ളയാം പടുമതി തന്നുടെ

4 JAN

ഭൂരിയത്നതതി കണ്ടു തെളിഞ്ഞൊരു
വീരശൃംഖല കൊടുത്തു വിശേഷാൽ.
അപ്രകാരമപ്പണിവകയുടയ ശി-
രസ്സുദാക്കമഥ നായർഭടേശൻ
പപ്പുവിള്ളയായിട്ടും ധീരനു-
മത്ര വീരശൃംഖലകളെ നൽകി.
എന്നുവേണ്ടയിതിലുത്സാഹങ്ങൾ മു-
തിൻ ചെയ്തവക്കെല്ലാവക്കും,
വന്നണഞ്ഞു പല വിദ്യകൾ കാട്ടിയ-
മന്ദമോദമുളവാക്കിയവക്കും,
മന്നവൻ കനകകങ്കണമുമ്മിക
മിന്നിടുന്ന പട്ടക്കരയാദിക-
ളുന്നതപ്രമദമുള്ളിലുദിച്ചീ-
ടുന്നവണ്ണമിഹ സമ്മാനിച്ചു.

(മട്ടുമാറി)

പെരിയല്പം മാടക്ഷിതിപതിയാൽ
പ്രേരിതനായ മഹീസുരവരനായ്
വീരോചിതശൃംഖലമുതലായവ
ഭൂരിസമാദരപൂവ്വം നൽകി.
മദ്രാസതിൽ നിന്നിങ്ങു വരുത്തിയ
ഭദ്രാഭകൾ വിളയാട്ടും കാഞ്ചന-
മുദ്രാതല്ലജമഥ കാസീനു വി-
നിദ്രാനന്ദം സമ്മാനിച്ചു.
ഈവിധമെല്ലാവരെയും പല സം-
ഭാവന ചെയ്തു മടക്കിയയച്ചു,
ഭാവിച്ചതിലുമിരട്ടിമഹത്ത്വമൊ-
ടേവം കല്യാണോത്സവമെല്ലാം
മംഗലമായി നടന്നതുമൂലം
തുംഗതയാന്ന കൃതാൎത്ഥതയോടേ
മംഗലവാരിധി കുലശേഖരനൃപ-
പുംഗവൻ പ്രീതാശയനായി
തൻകുലദൈവതമായി വിളങ്ങും

പങ്കഹരശ്രീപങ്കജനാഭൻ-
തൻകഴലിണയിൽ ഭക്തി മുഴുത്തിഹ
സങ്കടരഹിതം വാണരുളുന്നു.

---

നരവരദമ്പതിമാരിവർ ബാന്ധവ-
പരിവാരിതരായതിസുഖമോടെ
ഉരുതരശുഭസന്താനസമേതം
ചിരതരമത്ര വിളങ്ങുവതിന്നും,
പണ്ഡിതലോകാഖണ്ഡലനാകും
ശൌണ്ഡൻ കേരളനൃപനൊടു കൂടി
കണ്ണുകൾ കൊണ്ടതു കണ്ടു സുഖിപ്പാൻ
ദണ്ഡമൊഴിഞ്ഞിനിയും ചിരകാലം
ഭൂമീശന്മാർമുടിമാണിക്യ-
ശ്രീ മുതിരുന്ന മഹാത്മാവാകും
ശ്രീമൂലംതിരുനാൾ നരപാലൻ
സാമോദം മരുവീടുന്നതിനും
പൂമാതിൻപുരുപുണ്യഫലായിത-
നായ് മേവും ശ്രീസരസിജനാഭൻ
സീമാതീതകൃപാരസപൂരിത-
മാമൊരു വരമിങ്ങരുളീടേണം.

ശുഭം.

21 NOV 1953

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.